A Debating Team from the St. Thomas' College, Trichur, led by Mr. V. Achuthan Nair M. A. took part in the fourth public debate of the year held 23rd October. A large gathering attended the debate. Mr. N. V. Ittiachan, St. Thomas' College, moved that 'This House congratulates the Congress Ministries on their policy of the prohibition of alcoholic drinks'. He said, Prohibition was the greatest social experiment of modern times. The Congress is an organisation of the poor. It is tackling the evil of evils. The evil of drink is to be viewed from a social, religious and economic point of view. All the religions of the world condemn it as a blot on civilization. It leads to immorality, degrades social life, destroys the peace of domestic life. The Opposition might base their arguments on the economic aspect of the question. Economically, prohibition must be a great boon. It will lead to contented and happy life in millions of homes where now such blessings are unknown. Labourers will be better able to furnish their houses and look after their families. It will undoubtedly increase the purchasing power of the poor people. The mover anticipated that the Opposition would refer to the American experiment which is supposed to have been a failure. Even in America, Prohibition was a success

from an economic point of view. During the period of Prohibition, the savings of Americans, deposited in banks, increased. Prohibition increased the industrial efficiency of America. The anti-prohibitionists are apprehensive that Prohibition will mean less revenue. They point out that the income from Excise is utilized now for nation-building purposes. It is a great shame if a government cannot carry on without the income from drink. It is the rich that stand to gain by the drink evil. To make up for the loss of revenue, why not increase the taxes upon the rich ? Super-tax and death-duties could be introduced. There are possibilities of retrenchment; substantial cuts could be made in the salaries of officers. The Congress Ministries have shown how expenditure on the machinery of government could be reduced, by taking for themselves only nominal salaries. The Opposition might contend that the abolition of the evil should not be a matter of compulsion, but one of private judgment. Laws restraining the freedom of the individual exist already. Whenever there is a grave national danger, the government must interfere. The drink evil has become a national danger. It can be tolerated further only at the risk of national ruin. Would anybody contend that by abolishing Sati in India, and by abolishing slavery in America, the governments were riding rough-shod over the liberties of the people ?

Mr. P. A. Joseph, seconding the motion, pointed out that Prohibition has become an unseemly word on account of the American precedent. Prohibition failed in America because of wholesale political corruption which paralysed the arm of the law.

Mr. A. G. Augustine, Secretary of the Debating Society, St.Thomas' College, Trichur, led the opposition. Prohibition, he said, denies the privilege of drinking only to poor people. Europeans in this country and the rich may drink. Can the evil not touch them? Prohibition is a violation of the freedom of the individual. And besides, when one came right down to think of it, drink was not so bad in itself if one knew how to have it in proper quantities.

Mr. K. M. George said that drink was an evil even in cold countries and was a greater evil in hotter climates. Drink

has very nearly ruined the coal-miners of Bengal. Mr. R. Paul Thottan, who spoke next, feared that drink is a hereditary evil. Mr. P. C. Joseph did not think much of a government that would not allow one to order one's own dinner.

Mr. P. R. Krishna Iyer M. A., speaking in support of the motion, ventured to predict that Changanacherry will in the near future be the Salem of Travancore. The problem in India is different from the problem in the West. In the West there is no stigma attached to the consumption of alcohol. In India all religions discountenance the habit. Time and again, Prohibition has been described as bad economics. It is in anticipation of economic difficulties that it has been decided to introduce Prohibition by stages. In Salem alone it will involve a loss of 26 lakhs of rupees to the government. But the people of Salem will meanwhile be saving no less than a crore. The introduction, therefore, of Prohibition in the whole Province will involve a loss of 4 crores to the government; but by the obliteration of a moral evil, the people of the province will be saving as much as 16 crores. Is that bad economics? asked the speaker. This enormous purchasing power could be utilized for procuring the necessaries of life. The price of paddy will go up immediately. The people would be better fed and better clothed. That would mean the economic regeneration of the country. The speaker went on to say that there is a school of thought which holds that, once drink is abolished, the poor wage-earner will come to entertain a desperate philosophy of life and will not work hard any more, for there will be nothing left in life to spend his earnings on. But that is too low and unwarranted an estimate of human nature. They say that the labourer drinks in order to drown the miseries of life. But that will be suicidal drowning. The speaker thought that the abolition of the evil would pave the way for new industries which will absorb the unemployed. He concluded by pointing out that Prohibition was an integral part of the Gandhian renaissance.

Mr. V. Achyuthan Nair M. A. gave a humorous turn to the debate. He said that, before Sati was abolished,

there had been intensive social propaganda against it. The Sarda Act has now been on the statute book for some years. But there is no doubt it is very widely violated. The Congress Ministries are actuated by the loftiest of motives; but honesty of purpose by itself cannot do anything. Was not Don Quixote thoroughly honest when he attacked the windmill? The demon of liquor that Mr. Rajagopalachari hopes to crush is as much a figment of the imagination as Don Quixote's giant. There are people who drink and there are people who are drunkards. The poor labourers drink toddy for physical and mental relaxation. It is an illusion to say that, as soon as Prohibition comes into force, the economic condition of the people will be improved. It is a solid fact that there will be a huge loss of revenue, while the gain to the people is mostly illusory.

Mr. A. A. Joseph, Mr. P. C. Kurian and Mr. V. Gopala Menon (St. Thomas' College), also spoke against the motion. Mr. Anantha Narayanan (St. Thomas' College) supported the motion, after which Mr. M. P. Paul M. A. spoke against the motion. The problem of government, he pointed out, is to reconcile the liberty of the individual with the authority of the state. High-mindedness in politics is not everything. Individual liberty is being seriously threatened. Today it is toddy. Tomorrow it may be tea and coffee and cigarettes. (This last-mentioned calamity sent a visible shudder through the speaker's body.) Abuse is no argument for the total abolition of drink. One might as well cure a headache by cutting off the head. There is every likelihood that in the application of the law we shall soon witness inquisitorial methods. Wives will blackmail husbands when the husbands come home after having had a sip on the sly. The speaker concluded by saying that the whole programme is an affront to human nature.

Mr. K. Kunjukrishna Pillai then spoke for the motion and Mr. C. J. Cherian against. The motion was talked out. By the way, the short-hand reporter had exhausted his patience long before the debate was closed.

**Inauguration of the Arts Club**

At 7 P. M. the same evening, the Arts Club was inaugurated with a short programme of variety entertainments. Mr. Christopher D'Cruz sang well, and played the mandolino and the accordion with considerable proficiency. As for the rest, the audience provided much of the entertainment. Those who sang could have sung better.

---

## Economics and History Association

President: Mr. P. R. Krishna Iyer, M. A.
Vice-President: Mr. L. M. Pylee M. A., B. L.

THE first extraordinary meeting of the Association was held 25th July with Mr. L. M. Pylee, M. A., B. L. in the chair. Mr. Joseph Kurian B. A. (Hons), former student of the College, spoke on 'Dictatorship'. In the course of his profound and illuminative address, he elucidated the various aspects of modern dictatorship and gave a picturesque sketch of its development from a world aspiring for democracy, and he showed how it has reached its present pre-eminent position in world politics, out distancing the luke-warm democratic nations. The president commented on the outstanding features of the subject with his characteristic humour and acumen.

The first ordinary meeting of the Association was held on 21—10—'37, with Mr. K. J. Cyriac, M. A., B. L. in the chair. Mr. P. T. Mathew of III U. C. spoke on 'Rural Reconstruction'. He graphically expounded the salient points of rural indebtedness and suggested several remedial measures. Following him several students of various classes spoke on the subject, all of them unanimously recommending the necessity of rural education as the sheet-anchor of rural uplift. They stressed the necessity of giving more importance to agriculture and other rural industries in the educational curriculum. The president, in his concluding remarks, pointed out the need of building up the vitality of the agriculturists by taking good and nutritious food, as a necessary prelude to rural reconstruction.

Varghese K. O. (*Secretary*)

# Hostel Notes

**Parel Hostel.**

WITH the advent of our present wardens Rev. Frs. Devasia Kuzhimattam B. A. and Joseph Pariarem, our hostel-life was infused with a new vigour and enthusiasm.

Early in the acadamic year, we had the inaugural meeting of our Literary Association on 26th June 1937 under the presidentship of Rao Bahadur Rev. John Kurian B. A., B. E.. Mr. V. V. John M. A. (Oxon.) gave an instructive lecture on "Students and their Professors." Vidwan V. T. Iype made a scholary discourse in Malayalam on "ചില സാഹിത്യ പ്രസ്ഥാനങ്ങൾ, [illegible]." The president in his concluding remarks pointed out the necessity of a good reading room in hostels.

Since then we have been holding ordinary meetings every Sunday. Altogether we had seven meetings, of which two were debates and prolonged sessions. The English section had its debate on "Whether India deserves swaraj at present or not." The Malayalam section debated on "ഏകാധിപത്യമോ പ്രജാധിപത്യമോ കൂടുതൽ ഗുണകരം".

We have been very happy so far. We hope to have a better time still under the able and loving guidance of our wardens.

Mathai K. J.<br>Mani P. C. } *Secretaries*

*The Voluntary Association,—*

Apart from the general Literary Association of the hostel, a new one called the Voluntary Association was started at the desire of some enthusiastic inmates. As the name implies, any member of the hostel can become a member of it provided he is willing to observe certain rules laid down by the Association. Its aim, like that of the General Association, is the intensive cultivation of the literary and oratorical talents of its members.

We are only using a part of our recreation-time for the Association and yet we were able to conduct ten ordinary meetings and an extra-ordinary one. They were all largely attended even by people who were not members of the hostel.

We are grateful for the warm support given by the hostel authorities and the hearty co-operation of the other members of the hostel.

M. T. Chacko
V. M. Cheriyan } *Secretaries*

**Sacred Heart Hostel.**

Our hostel reopened on 7th June 1937. Next day a business meeting was held under the presidentship of our new warden when the office-bearers for the ensuing year were elected. The inaugural meeting of our literary union was held early in the first term under the presidentship of M.R.Ry. P. V. Kuruvilla B. A., L. T. (retired head-translator, Madras). Messrs. N. I. Thomas B. A. and P. C. Abraham (Vidwan) spoke on the occasion in English and Malayalam respectively. Since then ordinary meetings were held in English and Malayalam alternately on every Sunday. Under the auspices of the M. C. Y. L. we conducted a study circle on 'Birth control'.

The inmates are taking an active part in games. We are proud to say that the captains elected for the college atheletic association were mostly from us. As soon as the results of the college election were out, we conducted a meeting to congratulate the general captain Mr. M. C. Kuncheria and other captains.

We are very grateful to our warden Rev. Fr. L. J. Chittore Ph. D., S. T. D. (Rome), under whose guidance we are having a very happy time, and to Rev. Father A.C. Eapen B. A., Ph. D. who has contributed not a little to our spiritual and temporal welfare.

P. J. Francis
*Monitor.*

# Athletic Association

As usual, the North-West monsoons drove us indoors for the greater part of the first term. But the enthusiasm for play and sports among the collegians was so irrepressible that full advantage was taken of every spell of fair weather in the evenings. Even from the beginning of the academic year, a vigorous election campaign was simmering beneath the surface. It grew most intense and demonstrative when the Physical Director invited nominations from candidates for various offices, including the office of the General Captain which was revived this year. The election was fought out in good order. The following are the successful candidates:—

| | | |
|---|---|---|
| *General Captain—* | Mr. | M. C. Kuncheria IV U. C. |
| *Badminton Captain—* | ,, | C. P. Sukumaran Nair IV U. C. |
| ,, *Vice-Capiain—* | ,, | M. J. Mathew II U. C. |
| *Basket-ball Captain —* | ,, | K. V. Chandy IV U. C. |
| ,, *Vice-Captain—* | ,, | V. J. Vargese I U. C. |
| *Foot-ball Captain —* | ,, | M. M. Kuriyan IV U. C. |
| ,, *Vice-Captain—* | ,, | K, J. Thomas II U. C. |
| *Hockey Captain —* | ,, | V. M. Mathew IV U. C. |
| ,, *Vice-Captain—* | ,, | P, C. John II U. C. |
| *Ring-Tennis Captain—* | ,, | Abraham Eapen II U. C. |
| ,, *Vice-Captain—* | ,, | Ahmad Koshi Kannu II U. C. |
| *Volley-ball Captain —* | ,, | K. M. Mathew IV U. C. |
| ,, *Vice-Captain—* | ,, | K. C. Chacko II U. C. |

Mr. S. Balan Pillai IV U. C. was nominated sports secretary by the Principal.

For the management of extra-ordinary Athletic activities, the Principal appointed a committee consisting of the Principal (President) Mr. M. P. Paul M. A. (Vice-President), the Physical Director (Secretary) and the elected and nominated office-bearers.

Though the monsoons tried their best to damp our play-instinct here, at least our Volley team had occasions to play a few games in drier regions. The Volley-ball Nines Team was enlisted in the Rev. Fr. Bertram Memorial Tournament

at Madras. In the match we had to play against the Physical Training College, Madras, they won by taking the first and third games. But in a friendly match we played subsequently in response to their challenge, we defeated them, winning the first two games and giving but 5 and 11 points respectively to our opponents.

We have already got three Foot-ball teams, one Hockey team, two Volley Ball teams and three Badminton teams enlisted for the N. S. S. Annual Tournament which will commence shortly. We are also preparing for the inter-collegiate volley ball tournament at Trivandrum.

The weather has now changed and all the courts are crowded with players. There are already three tennis courts for students, and in a week another will be laid out. With the daily practice we are having here, we hope to come out successful in most of the coming tournaments.

M. C. Kuncheria

*General Captain.*

# *The Waste-Paper Basket*

*( Ed. )*

There, before us, lie the 'dream-children' of juvenile ambition, the 'might-have-been's of periodical celebrity, the waifs and castaways, the unborn lucubrations which wait wearily by the shore of Lethe and shall wait millions of ages before they find, if at all, a local habitation within the covers of a Magazine. There, in company with odds and ends, with bills and wrappers, with cinema-notices and unopened invitation-covers, lie the articles which it is the most rueful and not the least necessary part (alas that it should be so!) of our duty to reject.

Were we in a mock-moralising vein, we might, after Swift, have exclaimed: 'Surely man is a *rejected article*. Nature sent him into the world with a mind as white as the paper on which the article was written. The vicissitutes of life knock him about. He is plashed with ink; he struggles for distinction. The world, like the unfeeling Editor, passes him by; he is left out, thrown under, forgotten. At length, the world, being pressed for space in its waste-paper basket, cremates him with much else, to make room for another generation of victims. Surely, man is a rejected article!'

But we do not find it in our heart to treat the matter with the ruthless levity of Swift. With many twinges of our editorial conscience, we ask ourself: Will these abortive children of the fancy rise in judgment against us, glide ghost-like into our dreams, and point an accusing finger at our unappreciative stolidity? He of the 'Liberty and Authority', he of the incident in the train, he who attempted to write before learning to spell, he who applauded modern science, sneering at religions, he who was so rhapsodical over the landscapes of Travancore, he who wrote the Byronic address to the ocean,—will these, in the whirl-gig of Time, put us down for a bungler and blotcher, a faithless steward of learning, an unskilful midwife of genius? Time alone can tell.

# മംഗളാശംസ

(പി. എൻ. ഗോപാലഗണകൻ)

ii. u. c.

ആലോലാനന്ദമാർക്കുംപ്രതിദിനമുളവാക്കുന്നസാഹിത്യമാതാ
താലോലിക്കും,പ്രശസ്തിദ്ധ്വജമുലകിലുയർത്തുന്ന 'സന്മാസികേ'നീ
ചേലോ'ടാംഗ്ലേയ'ഭാഷാവനിതയൊടനിശംകൈരളീദേവിയെച്ചേ—
ർത്തീലോകത്തെക്കടാക്ഷിച്ചരുളുകഭവികംപാവനാനന്ദമൂർത്തേ.

# ഒരു സാഹിത്യകാരന്റെ അനുഭവങ്ങൾ.

എന്റെ സുഹൃത്തുക്കളിൽ പലരും ഞാൻ സാഹിത്യസംരംഭങ്ങളിലൊന്നിലും ഏർപ്പെടാതിരിക്കുന്നതെന്തുകൊണ്ടാണെന്നു പലപ്പോഴും ചോദിക്കാറുണ്ട്. തൃപ്തികരമായ ഒരു മറുപടി നൽകുന്നതിന് എനിക്കിതുവരെ സാധിച്ചിട്ടില്ല. "ഓ, സമയമില്ല", അല്ലെങ്കിൽ "അതുകൊണ്ടു വലിയ പ്രയോജനമൊന്നും വരാനില്ല" എന്നൊക്കെയായിരിക്കും എന്റെ ഉത്തരം. ഞാൻ അലസനും കേവലം സുഖലോലുപനുമായ ഒരുവനാണെന്നാണ് എന്റെ സുഹൃത്തുക്കളുടെ ധാരണ. താഴെ പ്രസ്താവിക്കാൻ പോകുന്ന സംഗതികൾ വായിച്ചുകഴിയുമ്പോൾ എന്നെപ്പററിയുണ്ടായിട്ടുള്ള ഈ തെററിദ്ധാരണ നീങ്ങുമെന്നു ഞാൻ വിശ്വസിക്കുന്നു.

സാഹിത്യലോകത്തിൽ ഒരു സ്ഥാനം ലഭിക്കുന്നതിനുവേണ്ടി വളരെയധികം പ്രയത്നിച്ചിട്ടുള്ള ഒരുവനാണ് ഞാൻ. തൽഫലമായി എനിക്കു ലഭിച്ചിട്ടുള്ള അനുഭവങ്ങൾ, സ്മരണ എന്നിൽ കുടികൊള്ളുന്നിടത്തോളം കാലം ഞാൻ വിസ്മരിക്കയില്ല. കേവലം ഒരു ബാലനായിരുന്ന കാലത്തുതന്നെ, സാഹിത്യപരിശ്രമങ്ങൾ ഞാൻ ആരംഭിച്ചതാണ്. കഥകൾ വായിക്കുന്നതിലും അവ മററുള്ളവരെ പറഞ്ഞുകേൾപ്പിക്കുന്നതിലും എനിക്കു അത്യധികമായ വാസനയുണ്ടായിരുന്നു. ഞാൻ മിഡിൽസ്ക്കൂളിൽ പഠിച്ചിരുന്നപ്പോൾ തന്നെ, ചില "യക്ഷികഥകൾ" മലയാളത്തിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.

ഹൈസ്ക്കൂളിൽ കയറിയതിനോടെ, സാഹിത്യവാസന എന്നെ സംബന്ധിച്ചിടത്തോളം ഒരു മാനസികരോഗമായിത്തീർന്നു "ഏതെങ്കിലും പത്രത്തിൽ എന്തെങ്കിലും എഴുതണം—പ്രസിദ്ധനാകണം" രാവുംപകലുമെല്ലാം എന്റെ ചിന്ത ഇതുമാത്രമായി. എണ്ണമില്ലാത്ത കഥാപാത്രങ്ങളേയും ഒരിക്കലും അവസാനിക്കാത്ത കഥകളേയും എന്റെ ഭാവന സൃഷ്ടിച്ചു. എന്തിനേറെ? ഒടുവിൽ എന്റെ ഭാവന പ്രസവിക്കതന്നെചെയ്തു. ഞാൻ ഒരു കഥയെഴുതി, ഒരു കത്തുസഹിതം അതു "ഭാരതിമിത്രം" പത്രത്തിനയച്ചു. കത്ത് ഇപ്രകാരമായിരുന്നു:—

"സർ, കഴിഞ്ഞ പത്തുവർഷക്കാലമായി എന്റെ അച്ഛൻ നിങ്ങളുടെ മാന്യപത്രത്തിന്റെ ഒരു വരിക്കാരനാണ്. മലയാളം നല്ലവണ്ണം വായിക്കാറായകാലം മുതൽ ഞാൻ 'ഭാരതിമിത്രം' മുടങ്ങാതെ വായിക്കുന്നുമുണ്ട്. ഇക്കാരണങ്ങളാൽ, എന്റെ പ്രഥമസാഹിത്യപ്രയത്നം നിങ്ങളു

ടെ പത്രത്തിൽക്കൂടി ലോകസമക്ഷം പ്രത്യക്ഷപ്പെടണമെന്നാണ്, എന്റെ ആഗ്രഹം. ഞാൻ പതിനാറു വയസ്സു മാത്രം പ്രായമുള്ള ഒരു ബാലനാണ്. നിങ്ങളുടെ ഉദാരമായ പ്രോത്സാഹനം ലഭിക്കുന്നപക്ഷം, സാഹിത്യപരമായി വല്ലതുമൊക്കെ ചെയ്‌വാൻ സാധിക്കുമെന്നാണ്, എന്റെ വിശ്വാസം".

അന്നുമുതൽ, 'ഭാരതമിത്രം'വരുന്ന ദിവസങ്ങളിലൊക്കെ ഞാൻ അഞ്ചലാഫീസിൽ കാവലായി. പക്ഷെ, ആഴ്ചകൾ ഒന്നുരണ്ടുകഴിഞ്ഞിട്ടും പത്രത്തിൽ എന്റെ കഥ കാണുന്നില്ല. "ഈ ലക്കത്തിലില്ലെങ്കിൽ അടുത്തതിൽ നിശ്ചയമായും കാണും,"ഇതായിരുന്നു എന്റെ ആശ. ഇങ്ങനെ അടുത്ത ലക്കം നോക്കിനോക്കി മാസം ഒന്നു കഴിഞ്ഞു. ഒടുവിൽ ഞാൻ പത്രാധിപക്ക് ഒരു കത്തയച്ചു. അതിനു താഴെ പറയുന്ന മറുപടി കിട്ടി:—

"കഥാപാത്രങ്ങൾക്കു പേരുകൾ കൊടുക്കുന്ന കാര്യത്തിൽ കുറെക്കൂടി ഔചിത്യം കാണിക്കണം. 'മത്തായി'യെന്നും 'മറിയ'മെന്നും മററുമുള്ളതു് നിങ്ങളുടെ അപ്പന്റേയോ, സഹോദരിയുടേയോ ഒക്കെ പേരായിരിക്കും. അങ്ങനെയുള്ള പേരുകളോടു മമത തോന്നുകയും സാധാരണമാണ്. പക്ഷെ വായനക്കാർക്ക് അവ രുചിക്കയില്ലെന്നു നല്ലവണ്ണം സ്മരിക്കണം. കഥ പ്രസിദ്ധപ്പെടുത്തണമെന്നുള്ളപക്ഷം, നിങ്ങൾ ഈ പേരുകൾ മാററി പകരം 'സോമശേഖര'നെന്നും 'മൃണാളിനി'യെന്നും മററും ഉപയോഗിക്കണം. ബങ്കാളിനാമങ്ങളാണ് ഞങ്ങളുടെ വായനക്കാർക്ക് ഇഷ്ടം."ഇതിന്റെകൂടെ, എനിക്കു കഥയെഴുതാൻ ആവശ്യപ്പെടുമ്പോഴൊക്കെ കഥാപാത്രങ്ങൾക്കുള്ള പേരുകൾ തിരഞ്ഞെടുക്കുന്നതിനായി ദീർഘമായ ഒരു പേരുവിവരപ്പട്ടികയും പത്രാധിപർ അയച്ചിരുന്നു. ഞാൻ ഉടൻതന്നെ കഥാപാത്രങ്ങളുടെ പേരുമാററി. 'മത്തായി'യും 'മറിയ'വും സോമശേഖരനും മൃണാളിനിയുമായി മാറി. അടുത്ത അഞ്ചലിൽതന്നെ, അതു വീണ്ടും ഞാൻ പത്രാധിപക്ക് അയച്ചു. ഒരു മാസത്തേയ്ക്കു വീണ്ടും അതിനെപ്പററി ഒന്നുംകേട്ടില്ല. 'ഭാരതമിത്ര'ത്തിന്റെ ഓരോ ലക്കവും ഞാൻ എത്ര ആർത്തിയോടെയാണ് പാർത്തിരുന്നതെന്ന് പറഞ്ഞറിയിക്കാൻ പ്രയാസം. ഒടുവിൽ എന്റെ ക്ഷമ അസ്തമിച്ചു. ഞാൻ ഒരിക്കൽക്കൂടി പത്രാധിപക്ക് എഴുതി. മൂന്നുദിവസം കഴിഞ്ഞപ്പോൾ പത്രാധിപരുടെ മറുപടി വന്നു. അതിപ്രകാരമാണ്:—

"കഴിഞ്ഞ കത്തിൽ, ഒരു കാര്യം നിങ്ങളെ അനുസ്മരിപ്പിക്കുന്നതിനു ഞാൻ വിസ്മരിച്ചുപോയി. പേരുമാററിയതുകൊണ്ടുമാത്രം കാര്യമായില്ല. കഥയിൽ സ്തോഭജനകങ്ങളായ സംഭവങ്ങൾക്കൂടി വേണം. സോമശേഖരനും മൃണാളിനിയും ഉദ്യാനത്തിൽവച്ചുകാണുകയും സായങ്കാലത്തിലെ മങ്ങിയ വെളിച്ചത്തിൽനിന്നു ചുംബിക്കയും ചെയ്താൽ മാത്രംപോരാ. സോമശേഖരനു ഒരു ശത്രുകൂടിവേണം."

കഥ വീണ്ടും ഞാൻ തിരുത്തിയെഴുതി. സോമശേഖരന്റെ ശത്രുവായ 'ഗോപാലവസുദത്തൻ' (ഈ പേരു പത്രാധിപർ അയച്ച പട്ടികയിൽ നിന്നും എടുത്തതാണ്) മൂന്നുപ്രാവശ്യം സോമശേഖരനെ വധിക്കാൻ ശ്രമിക്കുന്നതും ഒടുവിൽ അയാൾ പോലീസിന്റെ കൈയിൽ അകപ്പെടാതെ ആത്മഹത്യചെയ്യുന്നതുമായ സംഭവങ്ങൾകൂടി ഞാൻ കഥാഗാത്രത്തിൽ കുത്തിയിറക്കി. രണ്ടാഴ്ചയ്ക്കുശേഷം അതു പ്രസിദ്ധീകരിക്കപ്പെട്ടു. അന്നു ഞാൻ അനുഭവിച്ച ആനന്ദത്തിനു അളവില്ലായിരുന്നു.

താമസിയാതെ ഞാൻ "ലക്കി ജോൺ"(Lucky John)എന്ന കഥ "ഭാഗ്യപ്പെട്ട യോഹന്നാൻ" എന്ന പേരിൽ വിവർത്തനം ചെയ്തു ഒരു മാസികയ്ക്ക് അയച്ചു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മാസികാധിപരുടെ ഒരു കത്തുമായി കഥ തിരിച്ചുവന്നു. കത്തിന്റെ സാരമിപ്രകാരമാണ്:- "ഇന്നപാഠം നന്നായിരിക്കുന്നു. പക്ഷെ പ്രണയത്തിനു കഥയിൽ സ്ഥാനമില്ല". രണ്ടുദിവസത്തെ പ്രയത്നഫലമായി കുറേ പ്രണയരംഗങ്ങൾ കൂടി ഞാൻ അതിൽ എഴുതിച്ചേർത്തു. സത്യം പറയുകയാണെങ്കിൽ അന്നു പ്രണയത്തിന്റെ എ. ബി. സി. പോലും എനിക്കു നിശ്ചയമില്ലായിരുന്നു. എന്റെ മാതാവും സഹോദരിയുമൊഴികെ, ഞാൻ സംസാരിച്ചിട്ടുള്ള സ്ത്രീകളും ചുരുക്കമായിരുന്നു. എന്നിരുന്നിട്ടും 'ലക്കി ജോൺ' തന്റെ പ്രണയഭാജനമായ രാജകുമാരിയെ ചുംബിക്കുന്ന ഭാഗം വളരെ തന്മയത്വത്തോടും വികാരപാരവശ്യത്തോടും കൂടി വർണ്ണിച്ചുവെന്നായിരുന്നു എന്റെ ഭാവം.

*           *           *           *           *

കോളെജ് വിദ്യാഭ്യാസം ആരംഭിച്ചതോടെ, എന്റെ സാഹിത്യസംരംഭങ്ങളിൽ കുറെ അഭിവൃദ്ധി കണ്ടുതുടങ്ങി. പഴയ ബാലിശത്വമൊക്കെ എന്നെ വിട്ടുമാറി. ഇടയ്ക്കിടയ്ക്ക് അപ്രശസ്തങ്ങളായ ചിലമാസികകൾ നടത്തിയിരുന്ന പത്രാധിപർമാരുടെ അനുമോദനക്കത്തുകളും കിട്ടാതെയിരുന്നില്ല.

ഞാൻ ഇന്റർമീഡിയറ്റ് പരീക്ഷ പാസ്സായി. ബി. എ. യ്ക്കു പഠിക്കാൻ എനിക്കു വളരെ ആഗ്രഹമുണ്ടായിരുന്നു. പക്ഷെ എന്തു ചെയ്യാം? എന്റെ പിതാവിന്റെ ധനസ്ഥിതി അതിനനുവദിച്ചില്ല. ഒടുവിൽ ഞാൻ ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിച്ചു. ഏതാനും ചെറുകഥകൾ എഴുതിച്ചേർത്തു ഒരു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുക. പതിനഞ്ചു കഥകളും ഏകദേശം ഇരുനൂറു വശങ്ങളുമാവേണം. ഒരു രൂപാ വിലയും. അഞ്ഞൂറു പ്രതികൾ ചെലവാകയാണെങ്കിലും കുറഞ്ഞപക്ഷം ൨൫൦ രൂപായെങ്കിലും കിട്ടാതിരിക്കയില്ല. ഒരു കൊല്ലത്തേയ്ക്കു അതുമതി. അടുത്തകൊല്ലം ആകുമ്പോഴേയ്ക്കു അതു പാഠ്യപുസ്തകക്കമ്മറ്റിയിലെടുപ്പിക്കയൊ, അല്ലെങ്കിൽ രണ്ടാംപതിപ്പു അച്ചടിച്ചിറക്കുകയൊ ചെയ്യാം. ഇതിനെപ്പറ്റി ചിന്തിക്കുന്തോറും ഈ മാർഗ്ഗം കൂടുതൽ കൂടുതൽ ആകർഷകമായി എനിക്കു തോന്നി

തുടങ്ങി. ഒരു മാസംകൊണ്ടു ഞാൻ പത്തുകഥകൾ എഴുതിത്തീർത്തു. മുൻപ് പ്രസിദ്ധപ്പെടുത്താതിരുന്ന കഥകളിൽനിന്നും അഞ്ചെണ്ണംകൂടി തിരഞ്ഞെടുത്തു. അനന്തരം നാന്നൂറു വശങ്ങളുള്ള ഒരു പുസ്തകത്തിൽ അവയെല്ലാം ഭംഗിയായി പകർത്തി. പകർത്തിയെഴുതിയതിനു പത്തുദിവസം മാത്രമേയെടുത്തുള്ളു. പാതിരാവരെ ഇരുന്നെഴുതിയ ദിവസങ്ങളായിരുന്നു അധികവും. എന്റെ ആശയും തജ്ജന്യമായ ഉത്സാഹവും അത്രമാത്രമായിരുന്നു.

ഇത്രയുമെല്ലാം ശരിപ്പെടുത്തിയശേഷം ഭാഷാവൈകല്യങ്ങൾ തിരുത്തിക്കിട്ടുന്നതിനായി സുപ്രസിദ്ധവൈയാകരണനായ ഹരിമാധവശാസ്ത്രികളെ ഞാൻ സമീപിച്ചു. ഇദ്ദേഹം ഒരു ഹൈസ്കൂളിലെ മലയാളപണ്ഡിതരാണു്. ഞാൻ ആ സ്കൂളിൽ പഠിച്ചിരുന്ന കാലത്തു എന്റെ ഗുരുവുമായിരുന്നു. ഏ. ആർ. രാജരാജവർമ്മ എഴുതിയിട്ടുള്ള വ്യാകരണ ഗ്രന്ഥങ്ങളും സംസ്കൃതത്തിലെ പാണിനീയം മുതലായ ഗ്രന്ഥങ്ങളും ഇദ്ദേഹം ഹൃദിസ്ഥമാക്കിയിരുന്നു. മലയാളം ഹയ്യർ പരീക്ഷയ്ക്കുപുറമെ, വിദ്വാൻ, ശിരോമണി മുതലായ ബിരുദങ്ങളും ഹരിമാധവശാസ്ത്രികളുടെ സ്ഥാനത്തിനു മാററുകൂട്ടി. പ്രായത്തിൽ കേവലം യുവാവായിരുന്ന ഈ മനുഷ്യന്റെ അഭിപ്രായങ്ങൾക്കെല്ലാം അയാളുടെ മുത്തച്ഛന്റെ പ്രായമുണ്ടായിരുന്നു. ഞാൻ ഹൈസ്കൂളിലായിരുന്നകാലത്തു ഈ വിദ്വാനുമായി പലപ്പോഴും പടവെട്ടേണ്ടിവന്നിട്ടുണ്ടു്. മലയാളസാഹിത്യവും സംസ്കൃതസാഹിത്യവുംകഴിഞ്ഞാൽ പിന്നെ ലോകത്തിൽ സാഹിത്യമെന്നു് ഒന്നില്ലെന്നായിരുന്നു ശാസ്ത്രികളുടെ അഭിപ്രായം. ഈ അഭിപ്രായം ഇയാളുടെ തലമണ്ടയിൽമാത്രം സ്ഥിതിചെയ്തിരുന്നെങ്കിൽ വിഷമമൊന്നുമില്ലായിരുന്നു. പക്ഷെ, ക്ലാസിലുള്ള സാധുക്കളായ വിദ്യാർത്ഥികൾകൂടി ഈ അഭിപ്രായങ്ങൾ വിഴുങ്ങണമെന്നു അദ്ദേഹം ശാഠ്യംപിടിച്ചു. തന്നിമിത്തം അപൂർവമായി ഞങ്ങൾ തമ്മിൽ ചില വാഗ്വാദങ്ങൾ ഉണ്ടാകാതിരുന്നില്ല.

ഞാൻ എന്റെ കഥാശേഖരവും കക്ഷത്തിലേന്തിക്കൊണ്ടു്, ഇദ്ദേഹത്തിന്റെ വസതിയിൽ ചെന്നപ്പോൾ പ്രഭാതസ്നാനവും ഭസ്മലേപനവുമെല്ലാം കഴിഞ്ഞു ശാസ്ത്രികൾ ഭഗവദ്ധ്യാനത്തിൽ ലയിച്ചിരിക്കയായിരുന്നു. ഇടയ്ക്കിടയ്ക്കു "ഹരിരാമ—ഹരിഭദ്ര" എന്നൊക്കെ കേൾക്കാം. അരമണിക്കൂർ അവിടെ നിന്നുകഴിഞ്ഞപ്പോഴേയ്ക്കും ആ ഋഷീശ്വരൻ കണ്ണുതുറന്നു. വിനയദ്യോതകമായ ഒരു മന്ദസ്മിതത്തോടെ ഞാൻ അദ്ദേഹത്തെ സമീപിച്ചു. "എന്താണു്, ശിഷ്യാ വന്നതു്?" എന്നോ മററോ അർത്ഥമുള്ള ഒരു സംസ്കൃതശ്ലോകം ചൊല്ലിക്കൊണ്ടു ശാസ്ത്രികൾ എനിക്കു സ്വാഗതമരുളി. ഞാൻ കക്ഷത്തിലിരുന്ന പുസ്തകം അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. അനന്തരം ഞാൻ പറഞ്ഞു:-"ഞാൻ എഴുതിയിട്ടുള്ള ഏതാനും കഥകളാണു്. പുസ്തകമായി പ്രസിദ്ധപ്പെടുത്തണമെന്നു ഉദ്ദേശിക്കുന്നു. വ്യാകരണ

പ്പിഴകൾ ധാരാളം കാണും. അവിടെയുള്ള വലിയ ജോലിത്തിരക്കൊന്നുമില്ലെങ്കിൽ തിരുത്തിത്തന്നാൽ കൊള്ളാം." "ഒരാഴ്ച കഴിഞ്ഞുവരിക. അപ്പോഴേയ്ക്കും ഞാൻ ശരിപ്പെടുത്തിവച്ചേയ്ക്കാം" എന്നുപറഞ്ഞശേഷം ശാസ്ത്രികൾ പുസ്തകവുമായി അകത്തേയ്ക്കുപോയി.

* * *

ഒരാഴ്ച കഴിഞ്ഞു ഞാൻ വീണ്ടും ശാസ്ത്രികളുടെ വസതിയിൽ എത്തി. ശാസ്ത്രികൾ എൻെറ പുസ്തകവുമായി പുറത്തുവന്നു. അദ്ദേഹം പറഞ്ഞു:— "കഥകൾ സാമാന്യം തരക്കേടില്ല. പക്ഷെ, വ്യാകരണവൈകല്യങ്ങൾ വളരെക്കൂടും. അതിനുംപുറമെ ഭാഷ കേവലം ശാലീനമാണ്. മണിപ്രവാളം നിങ്ങൾക്കു പരിചയമില്ലേ?" ഞാൻ അദ്ദേഹത്തിൻെറ കൈയിൽ നിന്നും പുസ്തകം വാങ്ങി തുറന്നു നോക്കിയപ്പോൾ, ചുവന്ന മഷികൊണ്ടു അടിയിൽ വരച്ചിട്ടില്ലാത്ത ഒററ വാചകംപോലുമില്ല. "സർ, ഇതു മുഴുവൻ തെററാണോ?" ഞാൻ ചോദിച്ചു. "അതെ—"അല്പസമയത്തെ മൗനത്തിനുശേഷം അദ്ദേഹം വ്യാകുലഭാവത്തിൽ തുടർന്നു:-"കഷ്ടം!! ഞാൻ നിങ്ങളെ എത്രമാത്രം വ്യാകരണം പഠിപ്പിച്ചതാണു! അതിൻെറ ഫലം ഇങ്ങനെയാണോ?" ഇദ്ദേഹം ക്ലാസിൽ വ്യാകരണം പഠിപ്പിച്ചിരുന്നപ്പോഴൊക്കെ വല്ല വ്യാജവും പറഞ്ഞു ക്ലാസിൽ നിന്നും രക്ഷനേടിയിരുന്ന കാര്യം അപ്പോൾ ഞാൻ സ്മരിച്ചു. "ഏതായാലും നിങ്ങൾ ഈ പുസ്തകങ്ങൾ കൊണ്ടുപോയി പഠിക്കുക. അതിനുശേഷം ഗദ്യം എഴുതിയാൽ മതി" എന്നുപറഞ്ഞുകൊണ്ടു, സാഹിത്യസാഹ്യം, മദ്ധ്യമവ്യാകരണം, ശബ്ദശോധിനി തുടങ്ങിയ ഏതാനും വ്യാകരണഗ്രന്ഥങ്ങൾ അദ്ദേഹം എന്നെ ഏല്പിച്ചു. ഒരക്ഷരം മിണ്ടാതെ ഞാൻ അവ വാങ്ങി. സത്യം പറയുകയാണെങ്കിൽ, മാത്തമാററിക്സിൻെറ പുസ്തകങ്ങൾ കഴിഞ്ഞാൽ ഞാൻ ഏററവുംഭയപ്പെട്ടിരുന്നതു് ഏ. ആർ. തമ്പുരാൻെറ ഗ്രന്ഥങ്ങളായിരുന്നു. കഷ്ടകാലത്തിനു് ഈ വ്യാകരണരാക്ഷസൻ അവ എൻെറ തലയിൽ കെട്ടിവച്ചു. ഞാൻ എന്തുചെയ്യും? അദ്ദേഹം ഗുരുഭൂതനല്ലേ?

ഞാൻ പോകാനായി ഇറങ്ങി. അപ്പോഴേയ്ക്കും ഹരിമാധവശാസ്ത്രികൾ, വേറെ രണ്ടുപുസ്തകവുമായി വന്നു എന്നെ പിടികൂടി. അദ്ദേഹം പറയുകയാണു്:—"നിങ്ങൾക്കു നല്ലഗദ്യം എഴുതണമെന്നു ആഗ്രഹമുണ്ടെങ്കിൽ അതിനുമുൻപു ഈ പുസ്തകങ്ങൾരണ്ടും മനഃപാഠമാക്കണം." "ഏതുപുസ്തകങ്ങളാണു, സാറെ?" ഞാൻ ചോദിച്ചു."സി. വീ-യുടെ 'രാമരാജബഹദൂറും'വലിയകോയിത്തമ്പുരാൻതിരുമനസ്സിലെ'അക്ബറും'."ഞാൻശാസ്ത്രികളുടെശിഷ്യനായിരുന്നകാലത്തു്, പരീക്ഷക്കടലാസിൽ സി. വി. യുടെ ഭാഷാരീതിയെ ആക്ഷേപിച്ചു എന്തോ എഴുതിയതിനു് ഒരാഴ്ച മുഴുവനും ക്ലാസിനു വെളിയിൽ കഴിച്ചുകൂട്ടേണ്ടിവന്നവിവരം അപ്പോൾ ഞാൻ സ്മരിച്ചു. അതുകൊണ്ടു

'രാമരാജബഹദൂറി'ൻെറ ഭാഷാരീതിയെപ്പററി ഒന്നും പറയാതെ ഞാൻ മൗനം അവലംബിച്ചതേയുള്ളു. ശാസ്ത്രികൾ 'രാമരാജബഹദൂർ' തുറന്നു്, ചില ഭാഗങ്ങൾ വായിക്കാൻ തുടങ്ങി. ഈ മനുഷ്യനെ കാണാൻ വന്ന എൻെറ ദുർവിധിയെ പഴിച്ചുകൊണ്ടു ഞാൻ അവിടെയിരുന്നു അതുകേട്ടു. ഈ വായന ഞാൻ പ്രോത്സാഹിപ്പിക്കയാണെങ്കിൽ അന്നത്തേയ്ക്കു അവധിയെടുത്തുകൊണ്ടു, ആ പുസ്തകം മുഴുവൻ ഇദ്ദേഹം എന്നെ വായിച്ചുകേൾപ്പിക്കുമെന്നു എനിക്കു അറിയാമായിരുന്നു. അതുകൊണ്ടു്, ഇടയ്ക്കിടെ ഞാൻ എൻെറ അക്ഷമത കാണിക്കാതിരുന്നില്ല. ഇതു ഗ്രഹിച്ച ശാസ്ത്രികൾ, ഒരദ്ധ്യായത്തിലെ അവസാനഖണ്ഡിക വായിച്ചു നിവൃത്തിയശേഷം, ഇങ്ങനെ പറഞ്ഞു:--

"എന്തു്? നിങ്ങൾക്കിതിൽ രസമില്ലെന്നോ?—മണിപ്രവാളത്തിൻെറ മനോഹരവിഹാരമല്ലേ, ഇതു്? മാത്രമോ?—മനുഷ്യഹൃദയത്തെപ്പററി എത്ര അഗാധമായ പാണ്ഡിത്യമാണു് ഗ്രന്ഥകാരൻ പ്രദർശിപ്പിക്കുന്നതു്?"

ഇതുകേട്ടു മൂകനായിരിക്കുന്നതിനുള്ള ക്ഷമ എനിക്കില്ലായിരുന്നു. ഞാൻ പറഞ്ഞു—"സി. വി. രാമൻപിള്ളയുടെ ഭാഷാരീതി അത്ര അനുകരണയോഗ്യവും ആഹ്ലാദദായകവുമായി എനിക്കു തോന്നിയിട്ടില്ല. അദ്ദേഹത്തിനു മനുഷ്യഹൃദയത്തെപ്പററി അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നെന്നു വിശ്വസിക്കാനും എനിക്കു വിഷമമാണു്."

ഇതുകേട്ടു് ശാസ്ത്രികളുടെ മുഖം ചുവന്നു. കോപകലുഷമായ സ്വരത്തിൽ അദ്ദേഹം പ്രവചിച്ചു: "എന്തു്? കൈരളിയുടെ വീരസന്താനമായ ആ മഹാത്മാവിനെപ്പററിയാണോ, നിങ്ങൾ ഈ വിധം സംസാരിക്കുന്നതു്? നിങ്ങളുടെ പരമമായ അജ്ഞതയെ പഴിക്കുന്നതിനുപകരം നിങ്ങൾ അദ്ദേഹത്തിൻെറ അകൃത്രിമവും അത്ഭുതാവഹവുമായ ഭാഷാരീതിയെയാണു് അപലപിക്കുന്നതു്, അല്ലേ?—ഹാ!! യൗവനത്തിൻെറ മൗഢ്യവിലാസം!! ധിക്കാരത്തിൻെറ പാരമ്യം—"

ഈ വിദ്വാനുമായി പടവെട്ടാൻ കഴിയുകയില്ലെന്നു വിചാരിച്ചു വീണ്ടും ഞാൻ മൗനം അവലംബിച്ചു. അപ്പോൾ, അതാ ശാസ്ത്രികൾ ഒരു പുതിയ സമരം ആരംഭിച്ചിരിക്കുന്നു. 'അക്ബർ' എന്ന ആഖ്യായികയുടെ പ്രഥമാദ്ധ്യായം അദ്ദേഹം വായിച്ചുതുടങ്ങി: "അസ്തപർവതനിതംബത്തെ അഭിമുഖീകരിച്ചു ലംബമാനമായ" എന്നു കഴിഞ്ഞപ്പോഴേയ്ക്കും ഞാൻ ചാടിപ്പറഞ്ഞു—"എൻെറ സാറേ, ഈശ്വരനെ വിചാരിച്ചു എന്നെ ഉപദ്രവിക്കരുതേ-ഈ പുസ്തകം ആരെങ്കിലും വായിക്കുമ്പോൾ ചമ്മട്ടികൊണ്ടു അടികൊള്ളുന്ന ഒരു പ്രതീതിയാണു എനിക്കുണ്ടാകാറുള്ളതു". വായന നിവൃത്തിയശേഷം ശാസ്ത്രികൾ ചോദിച്ചു: "എന്തു? പുണ്യശ്ലോകനായ ആ തിരുമേനിയുടെ ഭാഷാരീതിയും നിങ്ങൾക്കു് ഇഷ്ടമില്ലെന്നാണോ പറയാൻ ഭാവം?" "ഞാൻ സാധാരണ സംസാരിക്കുന്നതും എഴുതുന്നതുമെല്ലാം അതിലും

നല്ലഭാഷയിലാണെന്നാണെൻെറവിശ്വാസം” എന്നു് കഴിയുന്നതുംശാന്തസ്വരത്തിൽ ഞാൻ പറഞ്ഞു. ശാസ്ത്രികൾ കൈ വിരണ്ടും പൊത്തി; എന്നിട്ടു വികാരപാരവശ്യത്താൽ വിറകൊള്ളുന്ന സ്വരത്തിൽ ഇങ്ങനെ പറഞ്ഞു:—“അയ്യോ-നിങ്ങളുടെ ഗുരുവാകുന്നതിനുള്ള നിർഭാഗ്യം എനിക്കുണ്ടായല്ലൊ. നന്ദികേടിനും ചണ്ഡാളത്വത്തിനും ഒരതിരു വേണ്ടേ? നിങ്ങളുടെ സ്വന്തം അച്ഛനെ മുക്കാലിയിൽ കെട്ടി അടിക്കുന്നതിനുപോലും നിങ്ങൾ മടിക്കയില്ല.” അനന്തരമുണ്ടായ അല്പസമയത്തെ മൗനത്തിനുശേഷം ശാസ്ത്രികൾ തുടൎന്നു:—“ഹെയ്, ധിക്കാരിയായ യുവാവെ, നിങ്ങൾ മലയാളം ഇനിയുമെങ്കിലും നന്നായി എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള മാൎഗ്ഗം തെളിയിച്ചതു മഹാനുഭാവനായ ആ തിരുമേനിയാണെന്നുള്ള വസ്തുത നിങ്ങൾ വിസ്മരിച്ചു പോയോ? ഒരു പക്ഷെ, ആ വാസ്തവം നിങ്ങളോടു പറയുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ലായിരിക്കാം. ഏതായാലും ഒരു കാൎയ്യം നിങ്ങൾ അറിഞ്ഞിരുന്നാൽ കൊള്ളാം. നിങ്ങളെപ്പോലെയുള്ള തലതിരിഞ്ഞ ചെറുപ്പക്കാർ വല്ലതും പുലമ്പുന്നതുകൊണ്ടു ആ മഹാത്മാവിൻെറ (മഹാത്മാവു് എന്നപദം ഉച്ചരിച്ചപ്പോൾ, ശാസ്ത്രികളുടെ നയനങ്ങൾ സ്വൎഗ്ഗത്തിലേയ്ക്കുയൎന്നു. തൻെറ ആരാധനമൂൎത്തിയായ ആ തിരുമേനി മേഘങ്ങളിൽ എഴുന്നെള്ളിക്കൊണ്ടു് തന്നെനോക്കി അനുഗ്രഹപൂൎവ്വം മന്ദസ്മിതംചെയ്യുന്നതു ദൎശിച്ചു ശാസ്ത്രികൾ ആനന്ദം കൊള്ളുകയാണെന്നു ആ കണ്ണുകളുടെ നോട്ടത്തിൽ കണ്ടാൽ തോന്നും) കീൎത്തിധാവള്യത്തിൽ കളങ്കം ചാൎത്താമെന്നു വിചാരിക്കേണ്ടാ.”

ഇതുകൂടി കേട്ടപ്പോഴേയ്ക്കും എൻെറ ക്ഷമയെല്ലാം ദൂരെത്തെറിച്ചു. ക്ഷോഭത്താൽ അല്പം പതറിയ സ്വരത്തിൽ ഞാൻ പറഞ്ഞു:—“ഈ നശിച്ച വീരാരാധനമാണു് ഭാഷയെ മുടിക്കുന്നതു്. ഈ കീൎത്തിധാവള്യമൊക്കെ പണ്ഡിതപട്ടം കെട്ടിയ ചില വിദ്വാന്മാരുടെ തലയ്ക്കുള്ളിലുള്ള വിടവുകളിൽ മാത്രമെ സ്ഥിതിചെയ്യുന്നുള്ളു.” പിന്നീടൊന്നും പറയാൻ ഞാൻ അവിടെ നിന്നില്ല. വ്യാകരണഗ്രന്ഥങ്ങളെത്രയും ശാസ്ത്രികളുടെ മേശപ്പുറത്തേയ്ക്കു വലിച്ചെറിഞ്ഞശേഷം ഞാൻ വേഗം നടന്നു “ആശാൻെറ അഭിപ്രായത്തെ ആദരിക്കാത്ത ശിഷ്യർ ആയിരവൎഷക്കാലം അടിനരകത്തിൽ കിടന്നുകഷ്ടപ്പെടട്ടെ” എന്നോ മറേറാ അൎത്ഥമുള്ള ഒരു ശ്ലോകം, ശാസ്ത്രികൾ ഉയൎന്ന സ്വരത്തിൽ ചെല്ലുന്നതു ഞാൻ കേട്ടു. എന്നാൽ ഇപ്രകാരമുള്ള ‘ആശാന്മാരുടെ’ ശാപാനുഗ്രഹങ്ങളിൽ ഈശ്വരസഹായത്താൽ എനിക്കു വലിയ വിശ്വാസമൊന്നുമില്ലായിരുന്നു. അതുകൊണ്ടു അക്കാൎയ്യം ഓൎത്തു ഞാൻ ലേശവും ക്ലേശിച്ചില്ല.

വീട്ടിലേയ്ക്കു മടങ്ങും വഴിയുള്ള എൻെറ ചിന്തകൾ ഇപ്രകാരമായിരുന്നു—“കഷ്ടം!! ഞാൻ ഈ മനുഷ്യനെ പുസ്തകം ഏല്പിച്ചല്ലോ. കുറെ വ്യാകര

ണനിയമങ്ങൾ മനഃപാഠമായിട്ടുണ്ടെന്നല്ലാതെ ഭംഗിയുള്ള ഒററവാചകം പോലും എഴുതാൻ ഇയാൾക്കു വശമില്ല. മററു വല്ലവരും എഴുതുകയാണെങ്കിൽ, "സമാസം തെററാണു്, കൂട്ടക്ഷരം പ്രയോഗിക്കേണ്ടതു് എവിടെയാണെന്നു നിശ്ചയമില്ല, വള്ളിയും പുള്ളിയുമൊന്നും ഒരിടത്തുമില്ല", എന്നൊക്കെപ്പറഞ്ഞു സർവവും തെററാണെന്നു ഇയാൾ വിധിയെഴുതിക്കളയും. ഇയാളെപ്പോലെ വ്യാകരണം മുഴുവൻ തലയ്ക്കകത്താക്കിയില്ലെങ്കിൽ, ഈ കാര്യങ്ങളൊക്കെ ശരിപ്പെടുത്താനും വിഷമമാണു്. ഈശ്വരാ, ഇതുപോലെ ദുർഘടം പിടിച്ച ഒരു ഭാഷയുണ്ടോ?—ഈ വ്യാകരണ രാക്ഷസന്മാർ വല്ലവരും ഭാഷയുടെ അക്ഷരമാല കുറെക്കൂടി ലളിതമാക്കിയിരുന്നെങ്കിൽ എന്തൊരനുഗ്രഹമായിരുന്നു!"

*　　　*　　　*　　　*　　　*

കുറെ ദിവസങ്ങൾക്കുള്ളിൽ വ്യാകരണഭ്രാന്തു വളരെക്കുറവുള്ള മറെറാരു ഭാഷാപണ്ഡിതരുടെ സഹായത്താൽ കഥകൾ ഞാൻ ഒരിക്കൽക്കൂടി തിരുത്തിയെഴുതി. അനന്തരം ഒരവതാരിക കിട്ടാനുള്ള ശ്രമമായി. പാഠ്യപുസ്തകസമിതിയിലെ ഡിറക്ടറും സാഹിത്യത്തിൽ സഹസ്രാക്ഷനെന്നും ദശഗ്രീവനെന്നും എട്ടടിമാനെന്നുമൊക്കെ സ്ഥാനപ്പേരുള്ളയാളുമായ ഒരു മഹാപണ്ഡിതന്റെ അവതാരിക വാങ്ങാൻ ശ്രമിക്കണമെന്നു ചില സുഹൃത്തുക്കൾ എന്നെ ഉപദേശിച്ചു. ഇയാളുടെ അവതാരിക പാഠ്യപുസ്തകസ്വർഗ്ഗത്തിലേയ്ക്കുള്ള പ്രവേശനട്ടിക്കററാണെന്നായിരുന്നു, ഇവരുടെ അഭിപ്രായം. പരമാർത്ഥത്തിൽ ഈ മനുഷ്യന്റെ അവതാരികയിൽ എനിക്കു വലിയ ഭ്രമമൊന്നുമില്ലായിരുന്നു. മലയാളം മുൻഷിമാരും ചില ഇത്തരം സാഹിത്യകാരന്മാരും സാഹിത്യസർവജ്ഞനായും സഹസ്രാക്ഷനായും ആരാധിച്ചുപോന്നിരുന്ന ഈ ദശഗ്രീവൻ വകതിരിവുള്ള ചെറുപ്പക്കാരുടെ ഇടയിൽ "ചീനച്ചട്ടി"യെന്നാണു് അറിയപ്പെട്ടിരുന്നതു്. ഇതിനു ചില കാരണങ്ങളുമുണ്ടായിരുന്നു. കുഞ്ചൻനമ്പ്യാരെപ്പററിയും നിരണത്തുകവികളെപ്പററിയും ചില അപൂർവവിവരങ്ങൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തിയതും, മലയാളക്കരയേയും മഹാരാജാക്കന്മാരേയും പുകഴ്ത്തി, ദഹിക്കാൻ വിഷമമായ കുറേ സംസ്കൃതശ്ലോകങ്ങൾ രചിച്ചതുമായിരുന്നു, ഈ വിദ്വാന്റെ സാഹിത്യസേവനങ്ങൾ. ദുസ്സഹമായ ചരിത്രാന്വേഷണഭ്രാന്തു് പിടിപെട്ടതിന്റെ ഫലമായി നമ്മുടെ ദശഗ്രീവൻ "കുഞ്ചൻനമ്പ്യാർ അമ്പലപ്പുഴയായിരുന്ന കാലത്തു് പാൽപ്പായസം കഴിച്ചിരുന്നതു് ഒരു ചീനച്ചട്ടിയിലാണെന്നു" സ്ഥാപിച്ചുകൊണ്ടു് അൻപതുവശത്തിൽ കുറയാത്ത ഒരു പ്രബന്ധമെഴുതി ഇതു വാസ്തവമല്ലെന്നും നമ്പ്യാർ ഒരു വെള്ളിക്കിണ്ണത്തിലാണു് പായസം കഴിച്ചിരുന്നതെന്നും വാദിച്ചുകൊണ്ടു് വടക്കേ മലയാളത്തുകാരനായ ഒരു നമ്പൂതിരിപ്പാടു് മറെറാരു പ്രബന്ധം പ്രസിദ്ധപ്പെടുത്തി. അടുത്ത മൂന്നുമാസക്കാല

ത്തേയ്ക്കു് പത്രലോകത്തിൽ ഈ വാദകോലാഹലം മാത്രമേ കേൾക്കാനുണ്ടായിരുന്നുള്ളു. ചീനച്ചട്ടിയും കിണ്ണവും തമ്മിലുള്ള ശണ്ഠ മൂത്തു. നമ്പൂതിരിപ്പാടിന്റെ പിടിയിൽ കിടന്നു് ദശഗ്രീവൻ വല്ലാതെ കഷ്ടപ്പെട്ടു. ഒടുവിൽ ദശഗ്രീവൻ കിള്ളിക്കുറിശ്ശിമംഗലത്തുള്ള ഒരു നമ്പ്യാർവീട്ടിലെ അറയിൽ സൂക്ഷിച്ചിരുന്ന ഒരു പഴയ ചീനച്ചട്ടി സാഹിത്യപരിഷത്തിൽ പ്രദർശിപ്പിച്ചു. അന്നത്തെ പരിഷത്തിൽ സമ്മേളിച്ചിരുന്ന വിദ്വാന്മാർ ഇദ്ദേഹത്തിന്റെ ചരിത്രാന്വേഷണസാമർത്ഥ്യത്തെ അനുമോദിച്ചുകൊണ്ടു് പ്രശംസാപത്രവും സ്വർണ്ണമെഡലും സമ്മാനിച്ചു. അങ്ങനെയാണു് 'ചീനച്ചട്ടി'യെന്നുള്ള പേരു് ഇദ്ദേഹത്തിനു സിദ്ധിച്ചതു്.

ഈ മനുഷ്യനു് ആധുനികസാഹിത്യപ്രസ്ഥാനങ്ങളെപ്പറ്റി യാതൊരറിവുമില്ലെന്നു് എനിക്കു നല്ലവണ്ണം അറിയാമായിരുന്നു. എന്നിട്ടും ഇയാളുടെ അവതാരിക ലഭിച്ചാലുണ്ടാകാവുന്ന പ്രയോജനങ്ങളെപ്പറ്റി മനഃപായസം കുടിച്ചുകൊണ്ടിരുന്ന ഞാൻ ഒടുവിൽ ഇയാളെ സമീപിക്കതന്നെ ചെയ്തു. ഞാൻ ചെന്നപ്പോൾ ദശഗ്രീവൻ കുറേ പഴയ താളിയോലഗ്രന്ഥങ്ങൾ—പുകപിടിച്ചു് അവയിലെ അക്ഷരങ്ങൾ മിക്കവാറും അവ്യക്തങ്ങളായിത്തുടങ്ങിയിരുന്നു—ഒരു കണ്ണടയുടെ സഹായത്തോടെ ഇരുന്നു വായിക്കയാണു്. അര മണിക്കൂർ ഞാൻ കാത്തുന്നതിന്റെ ശേഷം മാത്രമാണു്, അദ്ദേഹം കണ്ണുകൾ ഉയർത്തിയതു്. ഞാൻ ഉടൻതന്നെ താണുവീണു തൊഴുതു. വളരെനേരം നിന്നതുനിമിത്തം കാൽ കഴഞ്ഞുതുടങ്ങിയിരുന്നു. എനിയ്ക്കു വല്ലയിടത്തും ഒന്നിരിക്കാൻ വളരെ മോഹമുണ്ടായിരുന്നു. ദശഗ്രീവന്റെ മുറിയിലെ ഉയർന്നതരം കസാലകളിലേയ്ക്കു എന്റെ കൊതികൊണ്ട കണ്ണുകൾ സഞ്ചരിച്ചുതുടങ്ങി. പക്ഷെ, അയാളുടെ മുഖത്തു കരുണയുടെ ഒരു കണികയെങ്കിലും സ്ഫുരിക്കണ്ടേ? ഞാൻ നിന്ന നിലയിൽത്തന്നെ വീണ്ടും നില്പായി. കുറേനേരം എന്നെ സഗൗരവം വീക്ഷിച്ചശേഷം ആ സാഹിത്യാചാര്യൻ ചോദിക്കയാണു്: "ഹെയ്, യുവാവെ, നിങ്ങൾ തികച്ചും എനിയ്ക്കു അപരിചിതനാണല്ലോ. എന്തു കാരണംകൊണ്ടായിരിക്കാം ഇവിടെ വന്നതു്?"

ഞാൻ കാര്യം മുഴുവനും തുറന്നു പറഞ്ഞു. "ഓഹോ, ചെറുകഥകളാണു്, അല്ലേ? നമ്മുടെ യുവാക്കളിൽ ചിലരൊക്കെ ധാരാളം ചെറുകഥകൾ രചിക്കുന്നതായി ഞാൻ കേൾക്കുന്നുവല്ലോ. എഴുതുന്നവരിൽ ഭൂരിപക്ഷവും വിവേകമില്ലാത്ത ചെറുപ്പക്കാരാണെന്നും കഥകളെല്ലാംതന്നെ അശ്ലീലങ്ങളാണെന്നും ഞാൻ അദ്ധ്യക്ഷംവഹിച്ച പരിഷത്തിൽ ആരോ പ്രസ്താവിക്കുന്നതു കേട്ടു. വാസ്തവംതന്നെയോ?" "ചിലർ അത്തരം കഥകളും എഴുതാറുണ്ടു്" എന്നു വളരെ താണസ്വരത്തിൽ ഞാൻ പറഞ്ഞു. "ഇംഗ്ലീഷു, സാഹിത്യത്തിൽ ധാരാളം നല്ല ചെറുകഥകളുണ്ടു്. ജാൻസന്റെയും ബർ

ണാർഡ്ഷായുടെയും ചെറുകഥകൾ നിങ്ങൾക്കു സുപരിചിതങ്ങളായിരിക്കു മല്ലൊ. ഞാൻ സമയമുള്ളപ്പോഴൊക്കെയും ഈ ആംഗ്ലേയസാഹിത്യകാര ന്മാരുടെ കൃതികൾ വായിക്കാറുണ്ട്."

ജോൺസന്റെയും ബർണാർഡ്ഷായുടെയും പ്രശസ്തി കഥാകൃത്തുക്കൾ എന്നുള്ള നിലയിലല്ലെന്നുള്ള വാസ്തവം പറയാൻ എനിക്കു പ്രബലമായ പ്രേരണയുണ്ടായെങ്കിലും അവതാരിക കിട്ടാനുള്ള അഭിലാഷംകൊണ്ട് അദ്ദേ ഹത്തിന്റെ ആംഗ്ലേയ ഭാഷാപരിജ്ഞാനം ഞാൻ സമ്മതിച്ചുകൊടുക്കതന്നെ ചെയ്തു. "അവിടേയ്ക്കു ഇതിനെല്ലാം എങ്ങനെ സമയംകിട്ടും?" എന്നു അ ത്ഭുതഭാവം നടിച്ചു ഞാൻ ചോദിച്ചു. "എന്റെ ജീവിതം മുഴുവൻ സാഹിത്യ ദേവിക്കു സമർപ്പിച്ചിരിക്കയാണ്," ദശഗ്രീവൻ ചാരിതാർത്ഥ്യസൂചകമായ ഒരു പുഞ്ചിരിയോടുകൂടി പ്രതിവചിച്ചു. മനുഷ്യസഹജമായ സകല ശക്തിഹീ നതകൾക്കും അതീതനായി വർത്തിക്കുന്ന ഒരു ജ്ഞാനവൃദ്ധൻ സ്തന്യപാനം ഇനിയും നിറുത്തിയിട്ടില്ലാത്ത ഒരു ശിശുവിനോടു സംസാരിക്കുന്ന ഭാവത്തി ലാണ്, അദ്ദേഹം സംസാരിച്ചിരുന്നതു്. അവതാരികയ്ക്കുവേണ്ടി അതെല്ലാം ഞാൻ സഹിച്ചു. ഒടുവിൽ എനിക്കു വിശപ്പു ദുസ്സഹമായിത്തുടങ്ങി. ഞാൻ പറഞ്ഞു—"അവതാരിക എഴുതാൻ അവിടേയ്ക്കു സൗകര്യമുണ്ടെങ്കിൽ—"

ഇതിനു മറുപടിയൊന്നും പറയാതെ, അമേരിക്കയിലും ഇംഗ്ലണ്ടിലും മററുമുള്ള സുപ്രസിദ്ധ സാഹിത്യകാരന്മാർ അവതാരിക എഴുതിക്കൊടുത്താ ൽ അവർക്കു കിട്ടുന്ന ഭീമമായ പ്രതിഫലത്തെപ്പററി, ദശഗ്രീവൻ പ്രസംഗി ച്ചുതുടങ്ങി. ഈ പ്രസംഗത്തിന്റെ ആന്തരോദ്ദേശ്യം എന്തെന്നു ഗ്രഹിക്കാ ൻ എനിക്കു ഒട്ടും താമസം വേണ്ടിവന്നില്ല. വല്ലതും 'കൈമടക്കു' കൊടു ക്കാതെ അവതാരിക കിട്ടുകയില്ലെന്നു എനിക്കു ക്ഷണത്തിൽ മനസ്സിലായി. ഇക്കാര്യം നേരത്തെ പ്രതീക്ഷിച്ചിരുന്നതുകൊണ്ട് എന്റെ പാവപ്പെട്ട സ ഹോദരിയുടെ വൈവാഹികമോതിരം പണയംവച്ചു പതിനഞ്ചു രൂപാ കൂ ടി കരുതിക്കൊണ്ടാണു ഞാൻ പോന്നിരുന്നതു്. അതു, ഒട്ടും മടിക്കാതെ ഞാ ൻ ദശഗ്രീവന്റെ കൈയിൽ കൊടുത്തു. അതു വാങ്ങിയ ശേഷം, മന്ദസ്മി തപൂർവ്വം അദ്ദേഹം പറഞ്ഞു: "ആട്ടെ, രണ്ടാഴ്ച കഴിഞ്ഞു വരു. അപ്പോ ഴേയ്ക്കും ഞാൻ എഴുതിവച്ചേക്കാം. ഇപ്പോൾ ഞാൻ നിരണത്തുകവികളുടെ കുടുംബചരിത്രം എഴുതിവരികയാണ്. അതിനു് ഒരാഴ്ചത്തെ ജോലികൂടിയു ണ്ട്." മുട്ടോളം തലതാഴ്ത്തി ഒരിക്കൽക്കൂടി ആ സാഹിത്യാചാര്യനു് അഭി വാദ്യം ചെയ്തശേഷം ഞാൻ അവിടെനിന്നും യാത്രയായി.

* * * * * *

രണ്ടാഴ്ച കഴിഞ്ഞു ഞാൻ വീണ്ടും ദശഗ്രീവന്റെ വസതിയിൽ ചെന്നു. അദ്ദേഹം ഒരു വർത്തമാനപ്പത്രവുമായി മുററത്തു ലാത്തുകയാണ്. ഞാൻചെ ന്നു കയറുന്നതു കണ്ടെങ്കിലും കുറേനേരത്തേയ്ക്കു കണ്ടഭാവം നടിച്ചില്ല. അ

നന്തരം മറന്നുപോയ എന്തോ ഓർമ്മിക്കാൻ ശ്രമിക്കുന്ന ഭാവത്തിൽ ഫാല പ്രദേശത്തെ കുറെ തടവിയ ശേഷം, ആ തിരുവായ് തുറന്നു ഇങ്ങനെ അരു ളി—"ഓ—എവിടെയോ വച്ചു കണ്ടിട്ടുള്ളതായി തോന്നുന്നുവല്ലോ. പ ക്ഷേ—"അർദ്ധോക്തിയിൽ വിരമിച്ചശേഷം അദ്ദേഹം പുരാണവിജ്ഞാന ഭണ്ഡാഗാരമായ തൻെറ മസ്തിഷ്ക്കത്തെ മറച്ചിരുന്ന ആ ഫാലപ്രദേശത്തെ ഒരിക്കൽകൂടി തലോടി. അദ്ദേഹത്തെ കൂടുതൽ ക്ലേശിപ്പിക്കാതെ ഞാൻപ റഞ്ഞു: "രണ്ടാഴ്ച മുൻപു ഇവിടെ ഒരു അവതാരിക കിട്ടുന്നതിനു് ഒരാൾവ ന്നതു് അങ്ങു് ഓർമ്മിക്കുന്നില്ലേ.?"—"ഓ, ശരി, ഞാൻ വിസ്മരിച്ചുപോ യതാണു്. ക്ഷമിക്കണം. പണ്ടേ ഞാൻ ഒരു മറവിക്കാരനാണു്." അല്പ സമയം ആലോചനാനിമഗ്നനായി നിന്നശേഷം അമേരിക്കായിലും ഇംഗ്ല ണ്ടിലും അവതാരികാകാരന്മാൎക്കു കിട്ടുന്ന ഭീമമായ പ്രതിഫലത്തെപ്പററി അ ദ്ദേഹം ഒരു പ്രസംഗം കൂടി നടത്തി. അനന്തരം ഇങ്ങനെ തുടൎന്നു: "കഥകൾ ചിലതൊക്കെ ഞാൻ വായിച്ചുനോക്കി. സാമാന്യം തരക്കേടില്ല. അവ താരിക തയാറാക്കുന്നതിനു് എനിക്കിതുവരെ കഴിഞ്ഞില്ല ഒരാഴ്ചകൂടി കഴി ഞ്ഞിട്ടു മതിയൊ?—"

ഇനിയും ഇക്കാൎയ്യത്തിനു മുടക്കാൻ പണം എൻെറ കൈവശമില്ലെന്നും അവതാരിക ഉടൻതന്നെ കിട്ടിയാൽ കൊള്ളാമെന്നും മുഖഭാവംകൊണ്ടു ഞാ ൻ സൂചിപ്പിച്ചു. ഉടനെ "എടാ, കൃഷ്ണാ, അകത്തുനിന്നു് ഒരു കടലാ സും വല്ലതുമെഴുതുന്നതിനു് ഒരു പുസ്തകവും എൻെറ പേനയും ഇങ്ങെ ടുത്തുകൊണ്ടുവരു" എന്നു ദശഗ്രീവൻ ഉത്തരവായി. അടുത്ത ക്ഷണത്തി ൽ മേല്പറഞ്ഞ സാധനങ്ങളുമായി ഒരു ഭൃത്യൻ രംഗപ്രവേശനം ചെയ്തു. ദശഗ്രീവൻ മുററത്തിൻെറ അരഭിത്തിമേൽ ഇരുന്നുകൊണ്ടുതന്നെ അവതാ രികയും എഴുതിത്തീൎത്തു. അനന്തരം ഭൃത്യൻെറ നേരെതിരിഞ്ഞു പറ ഞ്ഞു—"നീ അകത്തുചെന്നു് മേശമേലിരിക്കുന്ന ചുവന്ന ബയൻറുള്ള ആ നോട്ടുബുക്കു് ഇങ്ങു എടുത്തുകൊണ്ടുവരൂ." കൃഷ്ണൻ ഒരു പുസ്തകവുമായി പു റത്തുവന്നു. പക്ഷെ എടുത്തുകൊണ്ടുവന്നതു് രാമായണമായിരുന്നു. നാലുപ്രാ വശ്യം അവനെ അങ്ങോട്ടും ഇങ്ങോട്ടും ഓടിച്ചു. ഒരു നൂറു കഴുതയെ വിളി യും കഴിഞ്ഞതിൽപിന്നെയാണു് ആവശ്യപ്പെട്ട പുസ്തകം പുറത്തുവന്നതു്. അതു കൈയിൽ വാങ്ങി അവതാരിക അതിനകത്താക്കിയശേഷം ദശഗ്രീവ ൻെറ നേരെതിരിഞ്ഞു കൃതജ്ഞതയും സന്തോഷവും നിറഞ്ഞ സ്വരത്തിൽ ഞാൻ പറഞ്ഞു: "അവിടുന്നു ചെയ്ത ഈ ഉപകാരത്തിനു ഞാൻ വള രെ നന്ദിയുള്ളവനാണു്." ഒരിക്കൽകൂടി ആ സാഹിത്യസാമ്രാട്ടിനെ തല കു നിച്ചു നമിച്ചശേഷം ഞാൻ അവിടെനിന്നും യാത്രയായി.

കുറേദൂരം നടന്നശേഷം വഴിയരികിലുള്ള ഒരു മരത്തണലിൽ ഇരുന്നു അവതാരിക ഞാൻ ഒരാവൎത്തി വായിച്ചു. അതിപ്രകാരമായിരുന്നു:—

"കലാവൈശിഷ്ട്യംകൊണ്ടു പ്രശോഭിക്കുന്ന രസനിഷ്യന്ദികളായ ഖണ്ഡകഥകളിൽനാംകാണുന്നതു്, 'റീയലിസ്റ്റിക്ക്' രീതിയുടെയും 'റോമാൻറിക്ക്' രീതിയുടെയും സമ്യക്കായ സംകലനമാണു്. ഈ രണ്ടു രീതികളുടെയും രമ്യമായ സമ്മേളനമാണു്, കാർലൈൽ, റസ്ക്കിൻ തുടങ്ങിയ വിശ്വവിഖ്യാതന്മാരായ കഥാകൃത്തുക്കളുടെ ഖണ്ഡകഥകൾക്കു പ്രാമാണ്യവും പ്രശസ്തിയും കൊടുക്കുന്നതു്. എൻെറ മുമ്പിലിരിക്കുന്ന ഈ ചെറുഗ്രന്ഥത്തിലും പ്രസ്തുത ഗുണം അല്പാല്പം കളിയാടുന്നുണ്ടെന്നു പറയുവാൻ എനിയ്ക്കു അനല്പമായ സന്തോഷമുണ്ടു്. പരിശ്രമിക്കയാണെങ്കിൽ യുവാവായ ഗ്രന്ഥകാരനു്, ശോഭനമായ ഭാവി ഉണ്ടാകാതിരിക്കയില്ല...............ഗ്രന്ഥകാരനും ഗ്രന്ഥത്തിനും സകല മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു."

ആകാശത്തിലും ഭൂമിയിലും സ്പർശിക്കാതെ ഇടവിതാനത്തു് നിന്നുകൊണ്ടു എഴുതിയിരുന്ന ഈ അവതാരിക വായിച്ചപ്പോൾ എങ്ങുമില്ലാത്ത ദേഷ്യവും അവമാനവും എനിക്കുതോന്നി. കോപതാപാദികളാൽ എൻെറ ഉടലാകെ വിറകൊണ്ടു വികാരക്ഷോഭത്താൽ അല്പസമയത്തേയ്ക്കു സംസാരശക്തിപോലും എനിക്കു നഷ്ടപ്പെട്ടു. എൻെറ ശരീരം വിയർത്തു. ആ നിലയിൽ ഒരു മണിക്കൂർ ഞാൻ അവിടെ ഇരുന്നുപോയി. എൻെറ ഹൃദയക്ഷോഭം അവസാനിച്ചു മനഃകായങ്ങൾ സ്വസ്ഥമായപ്പോൾ ഞാൻ അവിടെനിന്നും എഴുന്നേററു ദശഗ്രീവൻെറ വസതിയേ ലക്ഷ്യമാക്കി സാവധാനം നടന്നു. ഞാൻ ചെന്നപ്പോൾ അദ്ദേഹം വായനമുറിയിൽ ഒരു ചാരുകസാലയിൽ കിടക്കയാണു്. അനുവാദംചോദിക്കാതെതന്നെ ഞാൻ അകത്തു കടന്നു. എന്നിട്ടു്— "ഈഅടുത്ത കാലത്തെങ്ങാനും അവിടുത്തെ അപ്പനോ ഭാര്യയോ വല്ലവരും മരിക്കയാണെങ്കിൽ ഈ അവതാരികകൂടി അവരുടെ ശവപ്പെട്ടിയിൽ വച്ചു മറവു ചെയ്തുകൊള്ളണം." എന്നുപറഞ്ഞുകൊണ്ടു്, ഞാൻ എൻെറ നോട്ടുബുക്കിൽ നിന്നും ആ കടലാസെടുത്തു് ചുരുട്ടി മടക്കിഅദ്ദേഹത്തിൻെറ മുമ്പിലേക്കു വലിച്ചെറിഞ്ഞു അനന്തരം ഒരക്ഷരംകൂടി ഉരിയാടാതെ അവിടെനിന്നു ഇറങ്ങിപ്പോരികയും ചെയ്തു.

ഞാൻ ഗേറരുങ്കൽ എത്തിയപ്പോഴേയ്ക്കും കേൾക്കാം—"എടാ, എടാ കൃഷ്ണ, അവനെ—അവനെ, ആപോയ ഭ്രാന്തനെ പിടിച്ചുകൊണ്ടിങ്ങുവാടാ." ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ കൃഷ്ണൻ എൻെറ പിറകേ ഓടിവരുന്നു. വേഗം നടന്നു ഞാൻ റോഡിലെത്തി. അപ്പോഴേയ്ക്കും കൃഷ്ണൻ എന്നെപിടികൂടിക്കഴിഞ്ഞു. "എടാ, പിശാചെ, എന്നെ വിടൂ" എന്നു പറഞ്ഞുകൊണ്ടു് ഞാൻ ബലം പിടിച്ചു. പക്ഷെ കൃശഗാത്രനായ ഞാൻ ആ ഭീമനോടെന്തുചെയ്യാനാണു്? അവൻ എന്നെ ഞെരിച്ചുതുടങ്ങി. പാതയിൽകൂടി കടന്നുപോയ ചില പാന്ഥന്മാർ ഇതുകണ്ടു് "ഛെ, ആ സാധുവിനെ വിടൂ" എന്നു പല പ്രാവശ്യം പറഞ്ഞു. പക്ഷേ കൃഷ്ണൻ വിട്ടില്ല. ഒടു

വിൽ ചിലർ മുൻപോട്ടുവന്ന്, അവനെ പിടികൂടി. അപ്പോൾ അവൻ അലറുകയാണ്: "ഇല്ല, എന്നെ കൊന്നാലും ഞാൻ വിടുകില്ല. തിന്ന ചോറിന് നന്ദിയില്ലാത്തവനല്ല കൃഷ്ണൻ. യജമാനൻ പറഞ്ഞു, ഈ ഭ്രാന്തനെ പിടിച്ചുകൊണ്ടുചെല്ലണമെന്ന്. അദ്ദേഹത്തിന്റെ പുസ്തകമല്ലേ, ഇവൻ കട്ടോണ്ടു പോണത്." ഈ രംഗം ഞാൻ അധികം വിവരിക്കുന്നില്ല. എന്റെ ഒരു സതീർത്ഥ്യൻ ആ വഴി വരികയും അയാളുടെ സഹായത്താൽ ഞാൻ രക്ഷപെടുകയും ചെയ്യുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ബഹളത്തിനിടയിൽ എന്റെ പുസ്തകത്തിന്റെ ബയന്റും അകത്തെ നാലഞ്ചേ്ാളം നഷ്ടപ്പെട്ടു. ഉടനേ ബസ്സ്റ്റാന്റിലേയ്ക്കു ചെല്ലുകയാണെങ്കിൽ സങ്കടംകൊണ്ടും ലജ്ജകൊണ്ടും വിവർണ്ണമായ എന്റെ മുഖം പലരും കാണുമല്ലോയെന്നു ഭയപ്പെട്ട്, സമീപമുള്ള ഒരു ചായക്കടയുടെ ഉള്ളിലേക്കു ഞാൻ വലിഞ്ഞു. എന്നെ കണ്ടയുടനേ പല്ലുമുഴുവൻ പുറത്തു കാട്ടികൊണ്ട് "സാറെ, ചായയോ കാപ്പിയോ?" എന്ന് ആ ചായക്കടക്കാരൻ ചോദ്യവും കഴിഞ്ഞു. "ഇപ്പോൾ ഒന്നും വേണ്ട" എന്ന് ഞാൻ പറഞ്ഞതു കേട്ടോ, കേൾക്കാതെയോ അയാൾ കാപ്പി അടിക്കാൻ തുടങ്ങി. തല മേശമേൽ ചായ്ച്ചുകൊണ്ടു, ഞാൻ ഒരു ബെഞ്ചിലിരുന്നു. ഒരു കാൽ മണിക്കൂർനേരത്തേയ്ക്കു എന്റെ അന്തരംഗം കേവലം ശൂന്യമായിരുന്നു. അതുകഴിഞ്ഞപ്പോൾ എന്റെ സാധുവായ സഹോദരിയുടെ വൈവാഹികമോതിരംമുതൽ അല്പം മുൻപു നടന്ന ആ മൽപിടുത്തംവരെയുള്ള സകല സംഭവങ്ങളും ഒന്നൊഴിയാതെ എന്റെ ഉൾക്കളത്തിലുയർന്നു. എന്റെ നേത്രങ്ങളിൽ നിന്നും അശ്രുധാര മുറിയാതെ പ്രവഹിച്ചുതുടങ്ങി. കൈലേസെടുത്തു മുഖംമറച്ചുകൊണ്ട് ഞാൻ മതിവരുവോളം കരഞ്ഞു കുറേ കഴിഞ്ഞപ്പോൾ ചായക്കടക്കാരൻ മറയിൽ പ്രവേശിച്ചു, "സാറെ, കാപ്പി തീർത്തും തണുത്തുപോയിക്കാണും" എന്നു പറഞ്ഞു ഞാൻ മുഖം തുടച്ചശേഷം, ആ തണുത്ത കാപ്പി സാവധാനം കുടിച്ചുതീർത്തു. അനന്തരം അവിടെനിന്നും ബസ്സ്റ്റാണ്ടിലേയ്ക്കു നടന്നു. പോകുംവഴി, ഉച്ചത്തിൽ ഞാൻ ഇങ്ങനെ ഒരു ശപഥവുംചെയ്തു: "ഇനിയും ജീവന്റെ ഒരു പരമാണുവെങ്കിലും എന്നിൽ ശേഷിക്കുന്നിടത്തോളം കാലം സാഹിത്യസർവ്വജ്ഞന്മാരെന്നു നടിക്കുന്ന ഇവരുടെ അവതാരികയോ, അഭിപ്രായമോ ഒരുനാളും ഞാൻ അന്വേഷിക്കയില്ല".

* * * * * * *

ഒരുമാസം കഴിഞ്ഞു അവതാരിക ഒന്നുംകൂടാതെതന്നെ പുസ്തകം പുറത്തുവന്നു.

# ജീവിതാരംഭം

(കാകളി)

(ആർ. കെ. നമ്പ്യാർ)
III U. C.

എന്തിനിപ്പൂവനിതൻനടുവിങ്കലേ—
യ്ക്കുന്തിയയച്ചു വിധിയെന്നെ നിഷ്ഫലം?
വാർമഴവില്ലിന്റെ സത്തിനാൽത്തീർത്തനൽ—
കോമളിമാവെഴുമിമ്മെയ്‌വിലാസത്താൽ,
പാരംപരിസരഭൂവിലെല്ലാടവും
പാടെപരക്കുംപരിമളവായ്പിനാൽ,
മററുമൊരുത്തന്റെ ഹൃത്തടമെങ്കിലും
ചെററുവികാരതരളിതമാക്കുവാൻ,
പാരിലൊരുചെറുജീവിതൻജീവിത
നാരകമദ്ധ്യത്തിൽനാകംചമയ്ക്കുവാൻ
നിഷ്പ്രഭംനിർഗ്ഗന്ധമിങ്ങു വിരിഞ്ഞൊരി
പ്പുഷ്പത്തിനെത്തീലഭാഗ്യമൊരല്പവും!!
മററുസുമങ്ങളോരോന്നുമേ, തൽഗുണം
ചുററുമബ്ഭൃംഗസംഗീതത്തിനാൽസ്വയം
ശാന്തമാമംബരംതന്നിൽ പകർത്തിൽ
പൊൻതരംഗങ്ങളോരോന്നുമണയ്ക്കവെ,
ഞാനുമെൻകൊച്ചുമുരളിയിൽ ചുണ്ടണ—
യ്ക്കാനുഴറാതില്ലൊരൊററനിമിഷവും,
എങ്കിലുമിന്നോളമൊററരാഗംപോലു—
മങ്കുരിപ്പിക്കുവാൻസാദ്ധ്യമായില്ലമേ!
നൂതന ദാമ്പത്യബദ്ധരായ്സ്വർഗ്ഗീയ
കൗതുകാസക്തരായെത്തുംയുവാക്കളിൽ
ജീവിതപ്പോരിലടിക്കടിനേരിട്ട
തോൽവിയാലുരംതടംനൊന്തപാവങ്ങളിൽ,

ആനന്ദമേകുവാൻ, ആശനൽകീടുവാൻ,
ആശ്വസിപ്പിച്ചുകൃതാർത്ഥതയേറുവാൻ
ആകാത്തൊരീ വെറുംജീവിതമെന്തിനു
ലോകത്തിലിന്നിയും വെച്ചുപുലർത്തണം.

*        *        *        *        *        *

ഇല്ല; ഞാനേതുംനിരാശാഭരിതമാ—
കില്ല,യെന്നന്ത്യനിമിഷംവരെക്കുമെ.
ധീരതകൈവിടാതെൻകുറവൊക്കെയും
പാരംനികത്തുമിന്നല്ലെങ്കിൽനാളെഞാൻ!
ഈലോകമെന്നെ നിസ്സാരമായ്ത്താൻഗണി-
ച്ചാലുമെനിക്കതിലില്ലൊരുഖേദവും,
എൻവഴിയെല്ലാമടച്ചുകെട്ടീടിലും
പിൻവലിയാതെത്തുമെത്തേണ്ടിടത്തുഞാൻ!
ആർജ്ജിക്കുമിന്നെനിക്കില്ലാത്തവാഗ്മിത്വ—
മാർജ്ജവം,സൗന്ദര്യമെന്നുതൊട്ടൊക്കെയും.
എന്നെങ്കിലുമൊരുകാലമീമന്നിട—
മെന്നെമറക്കാത്തമട്ടിലായ്ത്തീർന്നിടും
അന്നുഞാനെൻജനിസാർത്ഥകമാക്കിടു—
മന്നായിരിക്കുമെൻ‘ജീവിതാരംഭ’വും!!

# മൂലംകളി

പി. സി. കുര്യൻ–IV ക്ലാസ്.

"നെല്ലിൻ പാടങ്ങളിൽ കൂടി വളഞ്ഞൊഴുകുമാറുക"ളാലും മനോഹരങ്ങളായ തടാകങ്ങളാലും അനുഗ്രഹീതമായ കേരളത്തിൽ വള്ളംകളിക്കു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. കേരളീയ വിനോദങ്ങളിൽ അതു് അഗ്രിമസ്ഥാനാർഹമാണെന്നു പറയുന്നതിൽ പോലും അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ പൂർവ്വന്മാരുടെ വഞ്ചിയിലുള്ള പരിചയംകൊണ്ടായിരിക്കണം അവർ "കലപ്പയാലേ വൻകാടിനെ"പ്പോലെതന്നെ "കപ്പലാൽ കടലും തകത്തുഴുതു" അനല്പമായ ഐശ്വര്യം ആർജ്ജിച്ചതു്. വള്ളംകളി കേരളത്തിൽ പല സ്ഥലത്തും നടത്തപ്പെടുന്നുണ്ടെങ്കിലും മിഥുനമാസത്തിലെ മൂലംനാളിൽ ചമ്പക്കുളത്തു നടക്കുന്നതിനോടു ഒന്നും തുല്യമല്ല. നാനാദേശവാസികളായി നാനാജാതിമതസ്ഥരായ ബഹുസഹസ്രം ജനങ്ങളും അന്നു് കളിക്കുന്നതിനും കളികാണുന്നതിനുമായി സന്നിഹിതരാകുന്നുണ്ടു്. ഇത്ര പ്രസിദ്ധമായ ഈ ദേശീയവിനോദത്തിൻെറ ആരംഭം പലർക്കും അജ്ഞാതമായിരിക്കുമെന്നാണു തോന്നുന്നതു്.

മൂലംകളിയുടെ ഉത്ഭവത്തെപ്പററി രണ്ടു് ഐതിഹ്യങ്ങൾ ഉണ്ടു്. മിഥുനമാസത്തെ മൂലംനാളിൽ തിരുവവതാരംചെയ്ത ഒരു ചെമ്പകശ്ശേരിത്തമ്പുരാൻ രാജ്യഭാരമേററയാണ്ടുമുതൽ അദ്ദേഹത്തിൻെറ പിറന്നാളിൽ വിനോദാർത്ഥം വള്ളംകളി നടത്തിച്ചുവെന്നും അതു ക്രമേണ സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചുവെന്നുമാണു് ആദ്യത്തെ ഐതിഹ്യം. വള്ളംകളിക്കു് ഏററവും തക്ക സ്ഥലം ചമ്പക്കുളത്തായിരുന്നതുകൊണ്ടാണു് അവിടെവച്ചു കളി നടത്തിയതു്. ഈ ഐതിഹ്യം അത്ര പ്രബലമല്ല.

ജനസാമാന്യമദ്ധ്യത്തിൽ പ്രചാരത്തിലിരിക്കുന്നതു ദ്വിതീയൈതിഹ്യമാണു്. അമ്പലപ്പുഴ, ശ്രീകൃഷ്ണസ്വാമിക്ഷേത്രം പണികഴിപ്പിച്ച ചെമ്പകശ്ശേരിരാജാവു് പ്രതിഷ്ഠാർത്ഥം അതിവിശേഷമായ ഒരു കൃഷ്ണവിഗ്രഹം തീർപ്പിച്ചു. അതു് പല തന്ത്രിമാരെയും കാണിച്ചതിൽ പുതുമനയില്ലത്തു നമ്പൂതിരി മാത്രമേ ദുരഭിപ്രായം പറഞ്ഞുള്ളൂ. അദ്ദേഹമാകട്ടെ അമ്പലപ്പുഴരാജാവിൻെറ തന്ത്രിയുടെ വിരോധിയും തൽസ്ഥാനലബ്ധി കാംക്ഷിച്ചിരുന്നയാളും ആയിരുന്നു. പുതിയ വിഗ്രഹത്തിൻെറ വാമഭാഗത്തു് ഉള്ളിൽ ഒരു തവളയുണ്ടെന്നും അതു് അറിവാൻ അപ്രാപ്തന്മാരാണു് തദഭിപ്രായസംദായകന്മാരെന്നും ആയിരുന്നു നമ്പൂതിരിയുടെ ആക്ഷേപം. വലിയമാ

ന്ത്രികനായിരുന്ന ഇദ്ദേഹം പന്തയംവെച്ച് അമാവാസിദിവസം രണ്ടു പൂർണ്ണചന്ദ്രന്മാരെ ഉദിപ്പിച്ചുവെന്നുപോലും ഐതിഹ്യമുണ്ടു്. വിഗ്രഹപ്രതിഷ്ഠയ്ക്കു മൂന്നുദിവസംമുൻപുമാത്രമാണ് നമ്പൂതിരിയുടെ ആക്ഷേപമുണ്ടായതു്. വേറൊരു വിഗ്രഹനിർമ്മാണത്തിനു കുറഞ്ഞതു് ആറുമാസം വേണ്ടിയിരുന്നുവത്രെ. അതിനാൽ വിഗ്രഹസ്ഥിതമായ തവളയെ കാണിക്കുവാൻ രാജാവു് തന്ത്രിയോടാവശ്യപ്പെട്ടു. നമ്പൂതിരി നിർദ്ദിഷ്ടസ്ഥാനത്തു മുട്ടുകയും അവിടം തകർന്നു അകത്തിരുന്ന തവള വെളിയിൽ ചാടുകയും ചെയ്തു. യോഗ്യത ബോദ്ധ്യമായതിനാൽ രാജാവു് സ്വക്ഷേത്രങ്ങളിലെ തന്ത്രിസ്ഥാനത്തു പുതുമനയില്ലക്കാരെ നിയമിച്ചു. മൂന്നാംദിവസം പ്രതിഷ്ഠ നടത്തത്തക്കവണ്ണം എവിടെ നിന്നെങ്കിലും വിഗ്രഹം വരുത്തിക്കൊള്ളണമെന്നു കല്പനയാകുകയുംചെയ്തു.

പുതുമനനമ്പൂതിരി തെക്കുംകൂർ രാജ്യത്തിൽപെട്ട കുറിച്ചിക്ഷേത്രത്തിലെ തന്ത്രിയായിരുന്നു. കല്പനയനുസരിച്ചു നമ്പൂതിരി തണ്ടുവച്ച ബോട്ടിൽ അകമ്പടിയോടുകൂടി കുറിച്ചിയിൽ എത്തി. അത്താഴപ്പൂജ നടത്തിയ ശേഷം, ആരുമറിയാതെ, അവിടത്തെ കൃഷ്ണവിഗ്രഹം കൈക്കലാക്കിക്കൊണ്ടു തിരിച്ചു. പ്രഭാതമായപ്പോൾ ചമ്പക്കുളത്തുമഠത്തിൽ എത്തി. അന്നു മിഥുനമാസത്തിലെ മൂലം നക്ഷത്രദിവസമായിരുന്നു. ചമ്പക്കുളത്തു് ചെമ്പകശ്ശേരിക്കു് ഒരു കൊട്ടാരവും ഭഗവതിക്ഷേത്രവുമുണ്ടായിരുന്നു. ക്ഷേത്രത്തിൽവച്ചു് പ്രഭാതപൂജ നടത്തിയശേഷം വീണ്ടും അമ്പലപ്പുഴയ്ക്കുതിരിച്ചു. ധാരാളം ചെറുവള്ളങ്ങൾ ഇതുകണ്ടു് കൂടെ പോകുകയും ചെയ്തു. ആ വിഗ്രഹം ലഭിച്ചതും ചെമ്പകശ്ശേരിവക ഒരു കൊട്ടാരത്തിൽ അതു അപകടമെന്യേ എത്തിച്ചേർന്നതും ഒരു വലിയ വിജയമായി രാജാവു് കരുതിയിരുന്നതിനാൽ തൽസ്മരണ നിലനിർത്തുന്നതിനായി അടുത്ത മൂലംമുതൽ ചമ്പക്കുളത്തു് വള്ളംകളി ശാശ്വതമാക്കി. മത്സരക്കളിയവസാനിക്കുന്നതു് ഈ മഠത്തിലാണു്. കുറിച്ചിക്ഷേത്രത്തിൽ ഇന്നും വിഗ്രഹമില്ല; തളക്കല്ലു മാത്രമെയുള്ളു എന്നാണു പറയുന്നതു്.

എങ്ങനെയായാലും മൂലംകളി അമ്പലപ്പുഴരാജാക്കന്മാരുടെ കാലത്താണു് ആരംഭിച്ചതു് എന്നുള്ളതു് നിർവിവാദമാണു്. ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂർ സ്വാധീനമാക്കിയശേഷവും ഈ വിനോദപ്രകടനം അവസാനിച്ചില്ല. ചെമ്പകശ്ശേരിയുടെ പ്രതിനിധിയായ കടമാളൂർഭട്ടതിരിയുടെ സാന്നിദ്ധ്യത്തിൽ മാത്രമാണു് ഇന്നും കളിനടക്കുന്നതു്. ഭട്ടതിരിക്കു് ഈ സ്ഥാനം 'എങ്ങനെ ലഭിച്ചുവെന്നുള്ളതു് ചരിത്രാംശമാണു്. ഭട്ടതിരിക്കുടുംബക്കാരും ചെമ്പകശ്ശേരിയില്ലക്കാരും കടമാളൂർസ്വദേശികളായിരുന്നു. അവിടെയുണ്ടായിരുന്ന മററു് ഇല്ലക്കാർ ചെമ്പകശ്ശേരിയോടു് അസൂയാലുക്കളായിരുന്നുവെങ്കിലും ഭട്ടതിരിയില്ലക്കാർ അവരുമായി സൌഹാർദ്ദ

ത്തിൽതന്നെ കഴിഞ്ഞുവന്നു. ഇവർ ചെമ്പകശ്ശേരിരാജാക്കന്മാരുടെ വിശ്വസ്തരായ ആലോചനക്കാരായിരുന്നു. എന്നാൽ രാമയ്യൻ ചെമ്പകശ്ശേരി ആക്രമിച്ചപ്പോൾ ഭട്ടതിരിയെ കൈക്കൂലികൊടുത്തു സ്വാധീനപ്പെടുത്തി രാജ്യരഹസ്യങ്ങൾ അറിഞ്ഞുകൊണ്ടിരുന്നു. രാജ്യം അപഹരിച്ചശേഷം ഇതിനുപ്രതിഫലമായി ഭട്ടതിരിക്കു രാമയ്യൻ ചെമ്പകശ്ശേരിയുടെ സ്ഥാനംകൊടുത്തു.

ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ കാലത്തോടുകൂടി ഇതിനു പ്രത്യേകമായ ഒരു വളർച്ചയുണ്ടായിട്ടുണ്ടെന്നാണു് തോന്നുന്നതു്. ഏതായാലും പ്രതിവത്സരം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ കളിയുടെ ഏകദേശരൂപത്തെപ്പററി അല്പം പ്രസ്താവിക്കുന്നതു് അനുചിതമായിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. നെടുമുടമഠത്തിൽനിന്നു ചമ്പക്കുളംമഠംവരെ ഏകദേശം മൂന്നുമൈലു് നീളത്തിലുള്ള നദീഭാഗത്താണു് കളിനടക്കുന്നതു്. ഇത്രയും ഭാഗത്തു നദിമിക്കവാറും അവക്രംതന്നെയാണു്. മുൻകാലങ്ങളിൽ മത്സരംപോലും ഇത്രദൂരത്തേയ്ക്കുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ പ്രാപ്യസ്ഥാനമായ ചമ്പക്കുളം മഠത്തിൽ നിന്നും ഏകദേശം ഒരു മൈലു് വടക്കുനിന്നു മാത്രമാണു് മത്സരം ആരംഭിക്കുന്നതു്.

കളിദിവസം അപരാഹ്നമാകുന്നതോടുകൂടി 'ചുണ്ടൻ', 'ഓടി', 'ചുരുട്ടുരുത്തി'(ബാപ്പു),'ചുരുളൻ'മുതലായ വൻവള്ളങ്ങളും ധാരാളം ചെറുവള്ളങ്ങളും വന്നുതുടങ്ങും. മൃഷ്ടാന്നഭ ജനത്തിനും പുറമെ"വളരെ മരനീരും ഉള്ളിലുണ്ടാകമൃവം"മിക്കവാറും "വൻചിത്തഭ്രാന്തോടു"കൂടിത്തന്നെയാണു് ആളുകൾ കളിക്കുന്നതു്. മൂലംകളിദിവസം മദ്യപാനം ചെയ്യാത്ത ശുദ്ധാത്മാക്കളായ കളിക്കാർ ദുർലഭമെന്നേ പറയേണ്ടു. കോൺഗ്രസ് ഭരണരീതി നമ്മുടെ നാട്ടിലും നടപ്പാകുന്നപക്ഷം മൂലംകളി നിശ്ചയമായും അധോഗതി പ്രാപിച്ചുപോകും! "ശങ്കരനാനയേയും ചിങ്കുകളി"പ്പിക്കുന്ന ഈ സാധനമാണു് മിഥുനമാസത്തെ 'കട്ടു'വെള്ളംകൊണ്ടു് അഭിഷിക്തനായി ദീർഘനേരം തുഴയുവാൻ കളിക്കാരനെ പ്രാപ്തനാക്കുന്നതു്. ഇന്ദ്രന്റെ അനുഗ്രഹവർഷവും ഉത്സാഹഭരിതമായ കളിയ്ക്കു് അപരിത്യാജ്യമാണു്. ദേവശ്രേഷ്ഠനാകട്ടെ, തൽകാരുണ്യപ്രകടനത്തിൽ ഒരിക്കലും പിന്നോക്കമായിപ്പോകാറുമില്ല.

ചുണ്ടൻവള്ളങ്ങൾക്കാണു് ഏററം പ്രധാനമായസ്ഥാനം. അവയിൽ നൂറിനുമേൽ ആളുകൾക്കു് കളിക്കാം. ഇതു കളിച്ചുവരുന്നതു് കണ്ടാൽ

മൈനാകംതൻചിറകുകൾവിരിച്ചാശുവാരാശിമധ്യ-
സ്ഥാനാദ്ദൂർവിമണവതിനൊരുമ്പെട്ടിടുന്നെന്നുതോന്നും",

സംശയമില്ല. ഇതിന്റെ ആംഗലനാമം ഉത്പ്രേക്ഷയുടെ അന്വർത്ഥതയെ വർദ്ധമാനമാക്കുന്നുണ്ടു്.

"മാത്താണ്ഡാഖ്യയായിരിക്കും പ്രത്യക്ഷദേവതയുടെ
മാഹാത്മ്യമോത്തിട്ടുമനസ്സലിഞ്ഞീടുന്നു" എന്നും മററും പാടി അട്ടഹസിച്ചു വരുന്നതുകണ്ടാൽ ഏതൊരു അരസികനും അറിയാതെ താളാനുസാരം ഒന്നു് ആടാതിരിക്കുകയില്ല. തുല്യവേഷക്കാരായ കളിക്കാരുടെ തുഴപ്രയോഗം യന്ത്രവൃത്തിയേയും അതിശയിക്കത്തക്ക മാത്രാവിശേഷമുള്ളതാണു്. ചുണ്ടൻവള്ളങ്ങൾ കളിച്ചുവരുമ്പോൾ മററുള്ളവ ശിക്ഷയെ ഭയന്നോ എന്നുതോന്നുമാറു ഓടിപ്പോകുന്നതു കാണാം.

ഇതിലും രസാവഹമായിരിക്കുന്നതു ചെറുവള്ളങ്ങളുടെ കളിയാണു്. താന്താങ്ങളുടെ ഉദരങ്ങളിലും ചെറുകുംഭങ്ങളിലും പൂർണ്ണം 'അമൃത'ത്തെ വഹിച്ചുകൊണ്ടു് മൂന്നോ നാലോ ആളുകൾ മാത്രം ഓരോന്നിലും കളിക്കുന്നു. മദ്യത്തിന്റെ ശക്തിവർദ്ധിക്കുന്നതോടുകൂടി ഒരേ വഞ്ചിയിലുള്ളവർതന്നെ മത്സരിക്കുന്നതും ചുരുക്കമല്ല. കളിക്കാർ അടിയിലും വള്ളംമുകളിലുമായിമറിഞ്ഞു കഴിയുമ്പോഴാണു് അവരവരുടെ അവിവേകം മനസ്സിലാകുന്നതു്. ഉന്മേഷം ക്ഷയിക്കുമ്പോൾ മാത്രമാണു് 'അമൃത'കുംഭമന്വേഷിക്കുക. ഹാ! കഷ്ടം! അപ്പോഴേയ്ക്കും അതു് പാതാളലോകത്തിലെത്തിയിരിക്കും. മൃഗങ്ങളുടെ പക്കൽ ഈച്ചകളെപ്പോലെ ഈ ചെറിയ വള്ളങ്ങൾ വലിയവയോടുചേർന്നു് അവയിലിരിക്കുന്ന തുഴകളുംകൊണ്ടു കടന്നുകളയുന്നതു് സാക്ഷാൽ മോഷണാസക്തികൊണ്ടല്ലതന്നെ! കാഴ്ചക്കാർ കുടകൾകൊണ്ടു ചുണ്ടുന്ന അവസരത്തിൽ, ബാലഹസ്തങ്ങളിൽ നിന്നു് കാകൻ അപൂപാക്രമണം ചെയ്യുന്നതുപോലെ അവ തട്ടിക്കൊണ്ടു് കളയുന്നതും ഇക്കൂട്ടർക്കു് ഒരു കളിമാത്രമാണു്. വിവിധതരഗോഷ്ഠിപ്രകടനങ്ങൾക്കുള്ള അവസരവും ഇതുതന്നെ.

പ്രസന്നമതികളായ ചില ധീരമാർ കളിവള്ളങ്ങളിൽ കയറാറുണ്ടു്. ആദ്യവസാനം ഹർഷാരവം പൊഴിച്ചുകൊണ്ടു് കളിക്കാർക്കു ധാരാളം സമ്മാനങ്ങൾ കൊടുക്കുകയുംചെയ്യും. ആവിബോട്ടും കളിവള്ളവുമായി മത്സരിച്ചു രണ്ടാമത്തേതിന്റെ വിജയത്തിലവസാനിക്കുന്നതു, പാശ്ചാത്യരുടെ ബുദ്ധിശക്തി പൌരസ്ത്യരുടെ കായബലത്തിനു പിന്നോക്കമാണെന്നുള്ളതിനെ ദൃഷ്ടാന്തീകരിക്കുന്ന ഒരു സാധനപാഠം മാത്രമല്ലേ? എന്നാലും ധീരമാർ ഇതിൽ സന്തുഷ്ടരാകുകയേയുള്ളു.

ഏകദേശം മൂന്നുമണിയാകുന്നതോടുകൂടി മൽസരക്കളിയാരംഭിക്കുന്നു. മുൻകാലങ്ങളിൽ ഒരേസമയത്തു് അന്യോന്യം മൽസരിച്ചു ജയിക്കുന്ന വള്ളം സമ്മാനാർഹമായി ഗണിച്ചിരുന്നു എന്നാൽ, ഈ സമ്പ്രദായം കൂടുതൽ രസകരമാണെങ്കിലും, കളിച്ചു ജയിക്കുന്നതിനേക്കാൾ പിടിച്ചാണു ജയിക്കാറു പതിവു്. ഈയവസരങ്ങളിൽ സമാധാനപരിപാലനാർത്ഥം ബോട്ടുകളിലും മററും നടക്കുന്ന നീതിന്യായപാലകന്മാരുടെ ഭഗീരഥപ്രയത്നങ്ങൾ പോലും അമ്പലത്തിൽ കലാശിക്കാറുണ്ടു്. ഇക്കാലങ്ങളിൽ നിർദ്ദിഷ്ടദൂരം മൽസരി

ക്കുന്നതിനാവശ്യമായ സമയദൈർഘ്യമനുസരിച്ചാണ് സ്ഥാനനിർണ്ണയം ചെയ്യുന്നതു്.

കേരളത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നും കുബേരകുചേലഭേദമെന്യേ അനവധി ജനങ്ങൾ ഇരുകരകളിലും കാഴ്ചയ്ക്കായി തിക്കിക്കൂട്ടുന്നു. നദീപാർശ്വങ്ങളിലുള്ള മനോഹരസൌധങ്ങളും കേരവൃക്ഷങ്ങൾ പോലും ആളുകളാൽ നിബിഡീകൃതങ്ങളായിത്തീരുന്നു. കാഴ്ചക്കാർ കയറീട്ടുള്ള ബ്രഹ്മാണ്ഡങ്ങളായ ബോട്ടുകൾ കൊടിക്കൂറകൾ പാറിച്ചുകൊണ്ടു് പായുന്നതുകണ്ടാൽ രാജധാനി നദീപ്രവാഹത്തിനു വിധേയമായിപ്പോയോ എന്നു്തോന്നിപ്പോകും.

സൂര്യാസ്തമയത്തോടുകൂടി കളിയുമവസാനിക്കുന്നു. ജനങ്ങൾ ഗൃഹങ്ങളിലേയ്ക്കു മടങ്ങുന്ന ബഹളവും കളിക്കാരുടെ നിരുന്മേഷകമായ പോക്കും അനേകവൈകവേദ്യങ്ങൾ മാത്രമാണു്. കളിക്കാരിൽ ചിലരുടെ വീരവാദങ്ങൾ രസകരങ്ങളത്രേ. രസികശിരോമണിയായ ഒരു വയോവൃദ്ധൻ, ഒരു വള്ളത്തിൽ "ഇരുന്നവശം മറുവശത്തേക്കാൾ കുറേ മുന്നോട്ടു പോയതായി അയാൾ പറഞ്ഞു"വെന്നു് ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി.

ദേവസ്വം ഡിപ്പാർട്ടുമെൻറിൽ നിന്നാണെന്നുതോന്നുന്നു വള്ളങ്ങൾക്കു സമ്മാനം കൊടുക്കുന്നതു്. എന്നാൽ ഇങ്ങനെകിട്ടുന്ന സമ്മാനത്തുകകൾ അനുപയോഗിക്കുന്ന മദ്ദളകുംഭങ്ങൾക്കു വാടക കൊടുക്കുവാൻ പോലും മതിയാകാതെയാണിരിക്കുന്നതു് എന്ന കാര്യം സലജ്ജം പ്രസ്താവിക്കേണ്ടിയിരിക്കുന്നു ജനസാമാന്യത്തിൻെറ ഈ വിനോദപ്രകടനരൂപിനു്, നാനാജനങ്ങൾ സമ്മേളിക്കുന്ന അപ്രേരിതമായ ഈ ആഘോഷത്തിനു്, നൽകുന്ന പ്രോത്സാഹനം ഇത്രമാത്രമാണു്. ഭരണകൂടമേധാവികളായ ചില ദിവാന്മാരും ബ്രിട്ടീഷ് രാജകീയ പ്രതിനിധികളും അവരുടെ സാന്നിദ്ധ്യത്താലും ഉചിതമായ പാരിതോഷിക പരിദാനത്താലും ഇതിനെ കഴിയുന്നത്ര പ്രോൽസാഹിപ്പിച്ചിട്ടുണ്ടു്. എന്നാൽ കുറെക്കാലങ്ങളായി തിരുവിതാംകൂറിൽ ബാധിച്ചിരിക്കുന്ന സമുദായസ്പർദ്ധ ഈ ദേശീയവിനോദത്തിനും സാരമായ കുറവു വരുത്തീട്ടുണ്ടു്. കളിയിൽ അസാമാന്യ സമർത്ഥന്മാരായനംയുക്ത സമുദായക്കാർ ഇപ്പോൾ അത്രതന്നെ ഉൽസാഹം പ്രകടിപ്പിക്കുന്നില്ല. അതിനാൽ ഈ ദേശീയ വിനോദം അധോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയാണു്. ചെമ്പകശ്ശേരിത്തമ്പുരാൻെറ സ്മരണയെ നിലനിർത്തുന്ന ഈ കളി നശിക്കാതിരിക്കട്ടെ.

---

# "ആശാൻ ഒരു സ്നേഹഗായകൻ"

(എം. പി. ശങ്കരപ്പിള്ള–IV U. C.)

ലോകാലോകങ്ങളെ കൂട്ടിക്കെട്ടുന്ന ഒരു ദിവ്യസൂത്രമായും, ആത്മചൈതന്യത്തിന്റെ ഒരു പ്രത്യക്ഷപ്രഭയായും, അഹങ്കാരരോഗത്തിനു് പററിയ ഔഷധമായും, മോക്ഷസാധകമായും, ലോകാരംഭംമുതൽ അനുദിനം പുഷ്ടിയേറിയേറി കാണപ്പെടുന്ന ഒരു മാനസികവികാരവിശേഷത്തെയാണു് സാമാന്യേന സ്നേഹം എന്നു് വ്യവഹരിക്കാറുള്ളതു്. ഇതു് വാത്സല്യംതൊട്ടു് ഭക്തിവരെ പലവിധ രൂപാന്തരങ്ങളോടുകൂടി പരിലസിക്കുന്നു. "ആത്മവത് സർവഭൂതാനി" എന്ന ഗീതാവാക്യത്തിന്റെ തത്വം ശരിയായി ഗ്രഹിക്കണമെങ്കിൽ സർവവ്യാപകമായ സ്നേഹത്തിന്റെ നിശ്ചലത മനസ്സിലാക്കിയിരിക്കണം. ഹൈന്ദവപുരാണങ്ങളിൽ കാണപ്പെടുന്ന അവതാരവിശേഷങ്ങളെല്ലാം ഈ ശക്തിവിശേഷത്തിന്റെ വിളംബരങ്ങളാണു്. പരമാനന്ദമധു ആസ്വദിച്ചു് മനുഷ്യർ ഭൂമിയിൽ അമരത്വം പ്രാപിക്കുന്നതും ഉപാധിവിഹീനമായ ഈ വികാരത്തിന്റെ തണലിൽ നിന്നുകൊണ്ടത്രേ. ഇതിന്റെ ഒരു വിപുലഭാവമായ പരസ്നേഹം, പരോപകാരതൽപരതയേയും, അതു് സകലർക്കും സമാരാധ്യമായ ത്യാഗശീലത്തേയും ഉല്പാദിപ്പിക്കുന്നു. ലോകത്തിന്റെ സർവാഭ്യുദയങ്ങളും ത്യാഗാരാധനത്തിൽ ലയിച്ചിരിക്കുന്നതിനാൽ സകലത്തിന്റേയും നാരായവേർ സ്നേഹം എന്നു് സിദ്ധിക്കുന്നുവല്ലോ. സാഹിത്യം സുന്ദരകലകളിൽ സുന്ദരതരമായിത്തീർന്നിരിക്കുന്നതു് ഇത്ര വിശിഷ്ടമായ സ്നേഹത്തിന്റെ സ്ഥിതിവ്യത്യാസങ്ങളെ വിശദീകരിക്കുന്നതുകൊണ്ടുമാത്രമാകുന്നു.

മഹാകവികൾ ഓരോരുത്തരും സ്നേഹത്തിന്റെ ഓരോ ഭാവങ്ങൾക്കു് പ്രാധാന്യം കൊടുത്തു്, അവയിൽ ആനന്ദിച്ചു്, അവയെ പ്രശംസിച്ചു്, സംതൃപ്തരായിത്തീരുന്നതു് ഓരോ സാഹിത്യവും പരിശോധിച്ചാൽ കണ്ടുപിടിക്കാവുന്നതാണു്. ഭോഗതൃഷ്ണകൂടാതെയുള്ള അലൗകികസ്നേഹമാണു് പരമപാവനം എന്നത്രെ യവനപണ്ഡിതന്മാരിൽ ഒരാളായ പ്ലേറേറായുടെ അഭിപ്രായം. ഏകദേശം ഈ അഭിപ്രായം തന്നെയാണു് സ്വച്ഛന്ദകവനസമ്രാട്ടായ ഷെല്ലിക്കും ഉള്ളതു്. വാസ്തവസ്നേഹത്തിന്റെ നൈർമല്യം ഭോഗതൃപ്തിക്കുവേണ്ടി ആത്മസമർപ്പണം ചെയ്യാത്തിടത്തോളം കാലം മാത്രമേ നിലനില്ക്കുകയുള്ളു എന്നു് കീററ്സ് എന്ന ആംഗലകവി പറഞ്ഞിരിക്കുന്നു. റോബർട്ടു് ബ്രൗണിംഗ് സ്നേഹാതിശയത്തെ അനശ്വരമാക്കാൻ വേണ്ടി കാമുകനെക്കൊണ്ടു് വധുവിനെ കൊല്ലിച്ചു് സംതൃപ്തനാകുന്നു. ചിന്താഗംഭീരനാ

യിരുന്ന "വേഡ്സ്വർത്ത്" എന്നകവിതിലകൻ സ്നേഹത്തിൻെറ ഗഹനവും ഗംഭീരവുമായ ഭാവവിലാസങ്ങളെ തെളിയിച്ചു കാണിച്ചിട്ടുണ്ട്. ആംഗ്ലേയസാഹിത്യസാർവഭൗമനായ ഷെക്സ്പീയറാകട്ടെ അതിൻെറലളിതസ്പന്ദഭാവങ്ങളിൽ ലയിച്ചു് കളിയാടുന്നെങ്കിലും, ആത്മസംയമനം ഇല്ലാത്ത യുവതീയുവാക്കളുടെ തീഷ്ണരാഗത്തെ അപലപിക്കുന്നു. ഇതുപോലെയുള്ള വത്യാസങ്ങൾ ഏതു ഭാഷയിലും കാണാവുന്നതാണ്.

സംസ്കൃതാചാര്യന്മാരിൽ അഗ്രിമസ്ഥാനത്തിന് അർഹനായ കാളിദാസൻ സ്നേഹം ശാശ്വതമാകണമെങ്കിൽ ഗുണൈക്യം വേണമെന്ന് തൻെറ പ്രഖ്യാതനാടകമായ ശാകുന്തളം മുഖാന്തരം വ്യക്തമാക്കുന്നു. സത്ഗുണപ്രധാനയായിരുന്ന ശകുന്തള പ്രഥമദർശനത്തിൽത്തന്നെ രജോഗുണപ്രധാനനായിരുന്ന ദുഷ്ഷന്തനിൽ അനുരക്തയായതു് നന്നായില്ലെന്ന് കവിക്ക് തോന്നിയതിനാലാണ് ദുർവാസാവിനെ പ്രവേശിപ്പിച്ച് ഇതിവൃത്തത്തിൽ വ്യത്യാസം വരുത്തിയതു്. തിരസ്കാരാനന്തരം ഗർഭിണയായിരുന്ന അവൾ കശ്യപാശ്രമത്തിൽ എത്തി പശ്ചാത്താപത്തോടുകൂടി ഉഗ്രതപം ചെയ്യുന്നു. ധർമ്മഭീരുത്വംകൊണ്ടു് ശകുന്തളയെ ഉപേക്ഷിച്ചെങ്കിലും മോതിരം കണ്ടപ്പോൾ മുതൽ രാജാവും പശ്ചാത്താപനിമഗ്നനായി ഭവിച്ചു. കുറച്ചുകാലം കഴിഞ്ഞപ്പോൾ ഗുണൈക്യം ഉണ്ടായി രണ്ടുപേരും ഒരുമിച്ചുചേർന്ന് ശാശ്വതാനന്ദം അനുഭവിക്കുന്നു. ഈ തത്വംതന്നെയാണ് കുമാരസംഭവം മുഖാന്തരവും കവി വെളിപ്പെടുത്തുന്നതു്. ഭവഭൂതി എന്ന കവീന്ദ്രൻെറ സ്നേഹപ്രതിപാദനം ലോകഹിതത്തിനുവേണ്ടിയുള്ള ആത്മസമർപ്പണത്തെയല്ലാതെ മറെറന്തിനെയാണ് കാണിക്കുന്നതു? ഈ വിഷയത്തിൽ അദ്ദേഹത്തിന് വേഡ്സ്വർത്തിനോടു് കൂടുതൽ സാദൃശ്യം കാണുന്നുണ്ടു്.

ഇനിയും നമുക്ക് നമ്മുടെ സാഹിത്യത്തെ സാമാന്യമായി ഒന്ന് സമീക്ഷിക്കാം. പരമഭാഗവതനായിരുന്ന എഴുത്തച്ഛൻെറ ഗ്രന്ഥങ്ങളിൽ സ്നേഹം ഭക്തിമയമായി നിർഗ്ഗളം പ്രവഹിക്കുന്നതു കാണാം. അദ്ദേഹവും ആത്മസംയമനമാണ് സ്നേഹത്തിൻെറ പരമസ്ഥാനം എന്നു കാണിച്ചുതരുന്നു. സർവതന്ത്രസ്വതന്ത്രനായി കൈരളിയെ ചിരിപ്പിച്ചുകളിപ്പിച്ച വികടകവിബിരുദൻ നമ്പ്യാർ സമുദായപരിഷ്കാരപരങ്ങളായ പ്രതിപാദനങ്ങൾക്കുമാത്രം പ്രാധാന്യം അനുവദിച്ചിരുന്നെങ്കിലും സ്നേഹത്തിൻെറ മൃഗീയമായ വശങ്ങളിൽ ഭ്രമിക്കുന്നവർക്ക് നല്ല കൊട്ടുകൊടുക്കുന്നുണ്ടു്. നമ്പൂരിമാരായിരുന്ന കവികൾ ഭൂരിഭാഗവും ഭോഗപ്രധാനമായ സ്നേഹത്തെ മാത്രം വെളിപ്പെടുത്തിയിട്ടാണ് കാവ്യങ്ങൾ നിർമ്മിച്ചിട്ടുള്ളതു്. ആട്ടക്കഥാകർത്താക്കൾ അവരെ അക്ഷരംപ്രതി അനുസരിച്ചുകാണുന്നു. അതിനാൽ അവയെപ്പററി കൂടുതൽ പറയണമെന്നില്ലല്ലോ.

കൈരളീദേവി നവംനവങ്ങളായ പ്രസ്ഥാനവിശേഷങ്ങളിൽ കളിയാടിക്കൊണ്ടിരിക്കുന്ന അധുനാതനഘട്ടത്തെ സസൂക്ഷ്മം പരിശോധിച്ചാൽ, സ്നേഹഗായകന്മാരിൽ ഒന്നാമത്തെ പദത്തിനർഹൻ കുമാരനാശാനാണെന്ന് കാണാവുന്നതാണ്. "സ്നേഹമാണഖിലസാരമൂഴിയിൽ, സ്നേഹസാരമിഹ സത്യമേകമാം" എന്ന തത്വം അദ്ദേഹത്തിൻെറ കാവ്യങ്ങളിൽ പ്രണവം പോലെ പാവനപദം പ്രാപിച്ച് ഓരോ പ്രതിപാദനത്തിലും അന്തർല്ലീനമായിരിക്കുന്നു. സ്നേഹത്തിൻെറ സ്വാതന്ത്ര്യഗതിയോട്ടുകൂടിയ കാവ്യാഭരണങ്ങൾ അണിയാനില്ലാതെ, ഒരു വിധം അപരിഷ്കൃതയേപ്പോലെ കൈരളീവനിത കഴിഞ്ഞുപോരുന്ന കാലത്താണ്, മൃദുകരുണമായും, എന്നാൽ ബഹുമോഹനമായും പാടിക്കൊണ്ട് "വീണ പൂവ്"മായി രംഗപ്രവേശം ചെയ്ത ആശാൻ ആ ദേവിയെ ആനന്ദനിമഗ്നയാക്കിയത്. ഉല്ലേഖം, പ്രകൃതി, ഭാവം, എന്നീ മൂന്നു സംഗതികളെ പ്രാധാന്യേന ആസ്പദമാക്കിയാണ് എല്ലാ കവികളും ഗാനം ചെയ്യുന്നത്. ആശാൻ ഭാവഗായകനാണ്. കേവലം, ഭാവശബളം എന്നു രണ്ടായി പിരിയുന്ന ഭാവഗാനത്തിൻെറ രണ്ടുഭാഗങ്ങളും അദ്ദേഹത്തിന് സ്വായത്തമായിരുന്നു. "വീണപൂവ്" തുടങ്ങിയുള്ള അദ്ദേഹത്തിൻെറ എല്ലാ കൃതികളിലും കേവലഭാവഗാനത്തിൻെറ മധുരത നിർഗ്ഗളം പ്രവഹിക്കുന്നുണ്ട്.

കരുണാത്മകമായ ഉൽകൃഷ്ടസ്നേഹം സത്വഗുണപ്രധാനമായ ശാന്തത്തിൽ വിലയിച്ച്, വിപ്രലംഭാവസ്ഥയിൽ അതിനു മാററവുന്ന അവസ്ഥാന്തരത്തെ പ്രസ്പഷ്ടമാക്കി, സഹൃദയന്മാരായ വായനക്കാരെ രോമാഞ്ചകഞ്ചുകിതരാക്കാൻ സർവഥാ പ്രാപ്തമായ "നളിനി"യാണ്, ആശാൻെറ ഭാവഗാനതല്ലജങ്ങളിൽ മുന്നണിയിൽ നില്ക്കുന്നതെന്നുള്ളതിനു സന്ദേഹമില്ല. ഇതിലെ ഇതിവൃത്തം സ്നേഹത്തിനുവേണ്ടിയുള്ള ത്യാഗത്തിൻെറ ഒരു ഒന്നാംതരം പ്രതിബിംബമാണ്. അതിലേ സ്നേഹം, അസാധാരണം, അഥവാ അലൗകികം, അല്ലെങ്കിൽ ആത്മീയംതന്നെ. അതിലെ നായികാനായകന്മാരുടെ സ്നേഹത്തിന് ലോകാതീതമായ ഒരു ദിവ്യചൈതന്യം പ്രദാനം ചെയ്യുന്നത്, സാത്വികമായ മാനസിക വ്യാപാരത്തിൻെറ സ്നേഹോന്മുഖമായ പ്രവൃത്തനങ്ങൾ അല്ലാതെ മററൊന്നുമല്ല. നായകൻ രജോഗുണാതീതനും ലോകവിരക്തനും ആണെങ്കിലും, നായിക ലോകാതീതയോ ഭോഗത്യക്തയൊ അല്ല. എന്നാൽ അവൾ നിർമ്മലസ്നേഹത്തിൻെറ ഇരിപ്പിടമാണ്. അതിനാൽ ഭർത്തൃദർശനമാത്രയിൽത്തന്നെ അവൾ ആനന്ദവിമൂർച്ഛയെ ആശ്ലേഷിച്ച് അഭംഗുര സ്നേഹസന്താനമായി ലോകാന്തരം പ്രാപിക്കുന്നു. സ്നേഹലഭ്യമായ മോക്ഷത്തിൻെറ സ്ഥിതിഗതികളെ ശൃംഗാരകരുണാത്മകമായ നവ്യവർണ്ണനകളാൽ സുന്ദരതരമാംവണ്ണം വെളിപ്പെടുത്തിയിരിക്കുന്ന "നളിനി"യിൽ നിന്നും വിസ്തരഭയത്താൽ ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നില്ല.

ലോകസാധാരണമായ സ്നേഹം, യുവതീയുവാക്കന്മാരിൽ പ്രതിബിംബിച്ചാലുണ്ടാകുന്ന അനുഭവങ്ങളുടെ ഒരു ശരിയായ ചിത്രമാണ് ആശാൻ "ലീല"യിൽ വരച്ചുകാണിച്ചിരിക്കുന്നത്. രാജസാവസ്ഥയ്ക്കു സാത്വികാവസ്ഥയേക്കാൾ പ്രാമാണ്യം കൂടുന്ന ഈ ലോകത്തിൽ നളിനിയേക്കാൾ പ്രാധാന്യം ലീലയ്ക്കാണെന്നു വേണമെങ്കിൽ ഒരുവിധത്തിൽ പറയാം.

സത്വഗുണം തമോഗുണത്തിലേയ്ക്ക് ചിലപ്പോൾ കാലൂന്നിയെന്നും വരും. അപ്പോഴാണല്ലോ രാജസത്തിൻെറ ഉല്പത്തി. അതിനാൽ അതിനിർമ്മലമായ ചില അവസ്ഥകളും അതിൽ ഉണ്ടാകാം. അവയാണ് ലീലയുടെ ആദ്യവിവാഹാനന്തരമുള്ള കാര്യങ്ങളെ സ്പഷ്ടമാക്കുന്നത്. നായികയായ അവളുടെ ഹൃദയത്തിൻെറ അടിത്തട്ടിൽ, അവളുടെദേഹത്തിന് രേവാനദി സ്വാഗതം അരുളുന്നതുവരെ, ആ ചഞ്ചലമായ സ്നേഹം ഘനമായും, ഘനദ്രവമായും, ലഘുദ്രവമായും, സ്ഥിതിചെയ്തിരുന്നു. മാലിന്യസ്പർശം ലവലേശം കലരാത്ത ജീവിതം, സംഭവപരമ്പരാബഹുലമായ ഈ ലോകത്തിൽ ആർക്കും കാണാൻ ഇടയില്ലല്ലോ. എന്നാൽ അപ്രകാരമുള്ള മാലിന്യം അല്പമായിട്ടുണ്ടായാലും തദ്വാരാ സാത്വികപ്രാപ്തി സാദ്ധ്യമാവാം എന്നാണ് ലീല നമ്മെ മനസ്സിലാക്കുന്നത്. അതിനാൽ അവളുടെ അന്തിമരംഗത്തിൽ നാം സ്നേഹത്തിൻെറ പാരമ്യസ്ഥാനം തോരാത്ത കണ്ണീർക്കണങ്ങളുടെ ഇടയിൽക്കൂടി കാണുന്നുണ്ട്. ദിവ്യസ്നേഹത്തിൻെറ ഫലം ഒന്നുകിൽ ഈലോകത്തിൽ അല്ലെങ്കിൽ പരലോകത്തിൽ അനുഭവിക്കാം എന്നുള്ള ഷെല്ലിയുടെ അഭിപ്രായമായിരുന്നു ആശാനും ഉണ്ടായിരുന്നതെന്നുള്ളതു് "വിരതഗതിയായില്ല സംസാരചക്രം", 'ആരും തോഴീയുലകിൽ മറയുന്നില്ല ദേഹം വെടിഞ്ഞാൽ' എന്നിത്യാദിയായ അദ്ദേഹത്തിൻെറ പ്രയോഗങ്ങളിൽനിന്ന് അനുമാനിക്കാം.

സ്നേഹാധാരത്തിന്മേൽ, ഗൂഢമായ ചിന്താസരണിയാൽ, ഭാവശബളമായ ഗാനത്തിൻെറ നൈർമ്മല്യം നിഴലിച്ചു കളിയാടുന്നതു് കാണണമെങ്കിൽ സഹൃദയന്മാർ "പ്രരോദന"ത്തെ കണ്ണുതുറന്നുനോക്കട്ടെ.

സംസ്കൃതനാടകകർത്താക്കളിൽ ഭാവശബളത്തിന് പ്രാഥമ്യം കൊടുത്തിരിക്കുന്നതു് ഭവഭൂതിയാണ്. ഉത്തരരാമചരിതത്തിൽ മിക്കപദ്യങ്ങളും ഇതിനുത്തമോദാഹരണങ്ങളത്രെ. ശ്രീരാമചന്ദ്രൻെറ ഹൃദയാവസ്ഥകളെ പ്രസ്പഷ്ടമാക്കുന്ന "നൈരാശ്യത്താലുദാസീനതയൊടും"എന്നാരംഭിക്കുന്ന പദ്യം എത്ര മനോഹരമായിരിക്കുന്നുവെന്നു നോക്കുക. ഭാവശബളതാഘടനത്തിൽ ആശാൻ ഭവഭൂതിയുടെ ഒട്ടും പിന്നിലല്ല, എന്നു "പ്രരോദന"ത്തിലെ ഓരോ പദ്യവും വിളിച്ചുപറയുന്നുണ്ട്. "മഹാഭാവങ്ങൾക്കുളവാം വിപത്തുകൾപ്രദ്വേഷാഭഹേതുക്ക"ളെന്നു്, സ്നേഹഗായകനായ കവി ആ ഗ്രന്ഥത്തിൽ നിന്നും വെളിപ്പെടുത്തി ഒടുവിൽ ശാന്തിഭൂവിൽ പ്രവേശിക്കുന്നു.

രാമായണംകഥ, സംസ്കൃതത്തിൽ നാല്പതിൽപരം ഗ്രന്ഥങ്ങളിൽ പലരൂപത്തിൽ കാണപ്പെടുന്നുണ്ട്. അവയേക്കാൾ നമ്മുടെ ചിന്തയെ തട്ടിയുണർത്താൻശക്തി ആശാന്റെ 'ചിന്താവിഷ്ടയായ സീത'യ്ക്ക് എന്തുകൊണ്ടുണ്ടായി? സ്നേഹത്തിന്റെ നിർവ്യാജവിലാസങ്ങൾ ലൗകികരീതിയിൽ വെളിപ്പെടുത്തിയതുകൊണ്ടുമാത്രം. പരമപാവനമായ ഭർത്തൃസ്നേഹത്തിന്റെ പിന്നിൽ നിന്നുകൊണ്ട് സീതാദേവി വിചാരിക്കുന്നവ ഓരോന്നും സാധാരണ ജനങ്ങളുടെ ഹൃദയാന്തർഭാഗത്തിൽ ചുഴിഞ്ഞിറങ്ങി അവരുടെ വികാരങ്ങളെ ഉണർത്തി അവരെ സംസ്കാരചിത്തന്മാരാക്കാൻ പ്രത്യേകം പ്രാപ്തിയുള്ളതത്രേ.

ദിവ്യസ്നേഹംകൊണ്ട് ലോകാരാധനം നടത്താൻ,സർവൈശ്വര്യങ്ങളും സന്ത്യജിച്ച്, മഞ്ഞച്ചീവരവും ചട്ടിയും ധരിച്ചു കൊട്ടാരത്തിൽനിന്നു തെരുവീഥിയിലേക്കിറങ്ങിയ ഭഗവാൻ ബുദ്ധന്റെ ജീവിതവൃത്താന്തം എഴുതാൻ കുമാരനാശാനെ പ്രേരിപ്പിച്ചതും സ്നേഹകഥനത്തിലുള്ള ആശയും വിശ്വാസവും മാത്രമായിരുന്നു. അന്നുമുതലാണ് അദ്ദേഹത്തിന്റെ കാവ്യാംഗനതനി മലയാണ്മയിൽ കാലൂന്നാൻ ആരംഭിച്ചതു്. മതം, സമുദായം, ഇവയെ ആസ്പദമാക്കി സ്നേഹതത്വങ്ങൾ വിതറിയാൽ അവയ്ക്കു് കുറെക്കൂടി മാററുമെന്നു് വച്ചു് അക്കാലംമുതൽ അദ്ദേഹം ഒരു പുതിയ പന്ഥാവു് കൈക്കൊണ്ടു. തൽഫലമായി ശ്രീബുദ്ധചരിതം തർജ്ജമ, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ മുതലായ ഗ്രന്ഥരത്നങ്ങൾ കൈരളീദേവിയുടെ കണ്ഠാഭരണങ്ങളായി ബ്ഭവിച്ചു. ഇതിൽ'ദുരവസ്ഥ'യിലെ ഇതിവൃത്തം അസംഭവരൈകൃതികൊണ്ടു് വികലമാകയാൽ, സഹൃദയന്മാരുടെ ഏകകണ്ഠമായ പ്രശംസയ്ക്കു് അതു് പാത്രമായിട്ടില്ലെങ്കിലും ആ കൃതിയിൽ കവി ഒരു ഉൽപതിഷ്ണുത്വം മൂർത്തീഭവിച്ച സമുദായപരിഷ്കാരിയായും,ലളിതകലാരസികനായുംപ്രത്യക്ഷപ്പെടുന്നുണ്ടു്.സ്നേഹം, ബാഹ്യസൗന്ദര്യാദിഭാവങ്ങളിൽനിന്നും പുറപ്പെട്ടു് നിർമ്മലചേഷ്ടാഭാഷണങ്ങൾമൂലം പോഷിച്ച്, ആഭ്യന്തരശക്തിവിശേഷങ്ങളെ ബാധിച്ച്, അഭംഗുരമായിത്തീരണമെന്നുള്ള സാമാന്യസിദ്ധാന്തത്തിനു് 'ദുരവസ്ഥ'യിൽ സ്ഥാനമേ കാണുന്നില്ല അതിൽ അസംഭവകഥനം കാണുന്നേയില്ല മാതാഗി വിശ്വാസവതിയെങ്കിലും ആനന്ദരൂപനായ ആനന്ദനിലാണു് അവളുടെ മനസ്സു ലയിക്കുന്നതു്. 'ദുരവസ്ഥ' ആശാന്റെ ഹൃദയത്തിൽനിന്നും ആചാരപരിഷ്കൃതിയെ ആശ്രയിച്ചു് പുറപ്പെട്ടതാണെങ്കിൽ 'ചണ്ഡാലഭിക്ഷുകി' പൂർവസ്മൃതിയാൽ ഉന്നീതമായി തന്നത്താൻ പുറപ്പെട്ടതാണു്. സ്നേഹത്തിന്റെ നിർവ്യളീകമായ അവസ്ഥയിൽ ആശാനുണ്ടായിരുന്ന ദൃഢവിശ്വാസം ഈ ഗ്രന്ഥത്തിൽ ഭഗവാന്റെ ഉപദേശം വഴി ബഹിർഗ്ഗമനം ചെയ്യുന്നതു നോക്കുക:-

"മോഹംകളഞ്ഞുജനത്തെ-തമ്മിൽ
സ്നേഹിക്കാൻ ചൊൽക നരേന്ദ്ര,
സ്നേഹത്തിൽനിന്നുദിക്കുന്നു-ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു.
സ്നേഹംതാൻശക്തിജഗത്തിൽ— സ്വയം
സ്നേഹംതാനാനന്ദമാക്കും.
സ്നേഹംതാൻ ജീവിതംശ്രീമൻ— സ്നേഹ
വ്യാഹതിതന്നെമരണം.
സ്നേഹം നരകത്തിൻ ദ്വീപിൽ— സ്വർഗ്ഗ
ഗേഹാംപണിയും പടുത്വം".

ഈ ഉപദേശത്തിൽ, അല്ലാ- പ്രസംഗത്തിൽ, കവി, "സർവ്വം സ്നേഹമയം ജഗൽ" എന്നു സമർത്ഥിക്കുകയാണു ചെയ്തിരിക്കുന്നതു്.

കുമാരനാശാൻെറ അന്തിമകൃതിയാണ് 'കരുണ.' നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, ഈ ഗ്രന്ഥങ്ങളിൽ സ്നേഹത്തിൻെറ സംഭിന്നമായ നാലു തരം വിലാസങ്ങളാണു കാണുന്നതു്. 'കരുണ'യിൽ, ഇവയിൽനിന്നും അല്പം ഭിന്നമായ മറെറാരു സ്നേഹവിശേഷം വെളിപ്പെടുന്നു. കാളിദാസരെപ്പോലെ ഗുണൈക്യം ഉണ്ടാകാത്ത സ്നേഹം പ്രശംസാർഹമല്ലെന്നു ഈ കൃതി മുഖാന്തരം ആശാൻ തെളിയിച്ചിട്ടുണ്ടു്. രാജസത്തിൽനിന്നും ജനിച്ചു താമസത്തിൽക്കൂടെ സാത്വികത്തിൽ എത്തി ശാന്തി പ്രാപിക്കുന്നതാണല്ലോ, ഈ കഥയിലെ ഇതിവൃത്തം. വാസവദത്ത എന്ന നായികയുടെ സൗന്ദര്യ്യസൗഭാഗ്യപ്രൗഢി, അവരംകുണ്ടായ ജഡീയസ്നേഹവൈപുല്യം, ഇവ രജോഗുണപരങ്ങളും, ഭയങ്കരതരമായ ശ്മശാനത്തിലെ സ്ഥിതി തമോഗുണപ്രധാനവും, ബുദ്ധശിഷ്യൻെറ ഉപദേശവും മോക്ഷദാനവും, സത്വഗുണദ്യോതകവുമത്രെ.

അംബരചുംബിയായ ഒരു വെൺമണിമാളികയുടെ തെക്കുഭാഗത്തുള്ള മലർമുററത്തിൽ ഇരിക്കുന്ന വാസവദത്തയെ നോക്കുക:—

"വ്യാളിമുഖംവച്ചുതീർത്തവളഞ്ഞ വാതിലാന്നുക—
ത്താളിരുന്നാൽകാണാംചെറുമതിലിനുള്ളിൽ
ചിന്നിയപൂങ്കുലകളാംപട്ടുതൊങ്ങൽചൂഴുമൊരു—
പൊന്നശോകംവിടർത്തിയകുടതൻകീഴിൽ
മസൃണശിലാസനത്തിൻചരിഞ്ഞപാർശ്വത്തിൽപുഷ്പ-
വിസ്തരസുരഭിയാമുപധാനത്തിൽ
മെല്ലെയൊട്ടുവാഞ്ഞുംവക്കിൽകനവുമിന്നുംപൂവാട
തെല്ലുലകോപരിയൊരുവശത്താക്കിയും
കല്ലോളിവിശ്രുന്നകണ്ണപൂരമാന്നുംവിടരാത്ത—

മുല്ലമാലമിന്നുംകൂന്തൽകരിവാർമുകിൽ
ഒട്ടുകാണുമാറുമതിന്നടിയിൽനൻമൃഗമദ—
പ്പൊട്ടിയന്നമുഖചന്ദ്രൻസ്ഫുരിക്കുമാറും
ലോലമോഹനമായ്ത്തങ്കപ്പങ്കജത്തെവെല്ലുംവലം-
കാലിടത്തുതുടക്കാമ്പിൽകയററിവച്ചും
രാമച്ചവിശറിപനിനീരിൽമുക്കിതോഴിയെക്കൊ—
ണ്ടോമൽകൈവളകിലുങ്ങെയൊട്ടുവീശിച്ചും,
കഞ്ജബാണൻതൻെറപട്ടംകെട്ടിയരാജ്ഞിപോലൊരു
മഞ്ജുളാംഗിയിരിക്കുന്നുമതിമോഹിനി."

ഈ വർണ്ണനയിലെ ഓരോ പാദങ്ങളുംരജോഗുണാവസ്ഥകളുടെ ഓരോ ചെറിയചിത്രങ്ങളാണ്. അവൾ സാധാരണ വാരനാരിയെങ്കിലും സൗന്ദര്യാദി വിഭൂതികൾകൊണ്ട് ഒരു ചക്രവർത്തിനിതന്നെ. അവളുടെ ഉപധാനം, ഇരിപ്പ്, ആഭരണം, തോഴി, മുതലായവയെല്ലാം ലൗകികാഡംബരത്തിൻെറ ശരിപ്പകർപ്പുകളത്രെ. ഈ വക മോടിയോടുകൂടിയിരിക്കുന്ന അവളുടെ ഹൃദയത്തിൽ, ബുദ്ധശിഷ്യനായ ഉപഗുപ്തനോടുദിച്ച സ്നേഹം ബാഹ്യസൗന്ദര്യജന്യമായിരുന്നെങ്കിലും അതു് സുസ്ഥിരമത്രെ. എന്നാൽ അലൗകികനായ സന്യാസിക്ക് ശാരീരികസൗകമാര്യത്തിൽ മുഴുകുന്ന മനസ്സ് എങ്ങിനെയുണ്ടാകാനാണ ? ഇതുകൊണ്ടാണ് അവയുടെ വ്യത്യാസം മനസ്സിലാക്കാൻ കവി വായനക്കാരെ ക്ഷണിക്കുന്നതു്. വാസവദത്തയുടെ "മഴജലം പൊഴിയുന്ന"നേത്രങ്ങൾ, ഉപഗുപ്തനെ അന്വേഷിക്കാൻ പോയ തോഴിയെ നോക്കി വിഷമിക്കുന്നു. തോഴിവന്ന് "സമയമായില്ല"എന്നുപറയുന്നു. അപ്പോളുണ്ടായ അവളുടെ ഇച്ഛാഭംഗവും സ്നേഹഗതിയും എത്ര മനോഹരമായിട്ടാണ് കവി ചിത്രിച്ചിരിക്കുന്നതു്.

"'സമയമായില്ല'പോലും 'സമയമായില്ല'പോലും
ക്ഷമയെൻെറഹൃദയത്തിലൊഴിഞ്ഞുതോഴി
ചാടുചൊല്ലുന്നതാമെന്നെക്കബളിപ്പിക്കുവാൻകൈയി—
ലോട്ടമേന്തനടക്കുമീയല്പവബാണൻ.
പണമില്ലാഞ്ഞുതാൻവരാൻമടിക്കയാവാമസ്സാധു
ഗണികയായ്ത്തന്നെയെന്നെഗ്ഗണിക്കയാവാം;
ഗുണബുദ്ധിയാൽഞാൻതോഴികൊതിപ്പുതക്കോമളൻെറ
പ്രണയംമാത്രമാണെന്നുപറഞ്ഞില്ലേനീ?
അന്തരക്തരഹോ!ധനപതികൾനിത്യമെൻകാലിൽ
കനകാഭിഷേകംചെയ്തുതൊഴുതാൽപോലും
കനിഞ്ഞൊന്നുകടാക്ഷിപ്പാൻമടിക്കുംകണ്ണുകൾകൊച്ചു—
മുനിയെക്കാണുവാൻമുട്ടിയുഴറുന്നല്ലോ"

അതു മാത്രമോ? അവളുടെ വാക്കുകൾ സന്യാസി ശ്രദ്ധിക്കുന്നുണ്ടോയെന്ന് അവൾക്കറിയണം. അദ്ദേഹത്തിനു സ്നേഹമുണ്ടായിരുന്നുവെങ്കിൽ ഭിക്ഷാർത്ഥമെങ്കിലും തൻെറ ഗൃഹത്തിൽ വരാമല്ലോ. "അതു ചെയ്യുമായിരുന്നാലത്രമാത്രമായ്, മിഴിക്കാമധുരാകൃതിയെ നോക്കി ലയിക്കാമല്ലോ". കഷ്ടം! അവൻ കാണാത്തതുകൊണ്ട് നൃത്തവും, കേൾക്കാത്തതുകൊണ്ട് ഗാനവും, നിഷ്ഫലമെന്നവൾ ചിന്തിക്കുന്നു. ഇതെല്ലാമെന്തിനെയാണ് സൂചിപ്പിക്കുന്നതു്? അവളുടെ തീക്ഷ്ണമായ സ്നേഹവിശേഷത്തെ. ഇതിന് കുമാരനാശാൻ അനുവദിക്കുന്നില്ല. കാരണം അതു മുഴുവനും ലൌകികമാകയാൽത്തന്നെ. 'കുലനയവിരുദ്ധ'മെങ്കിലും, അവളുടെ സ്നേഹം 'കൊഴുത്ത'തു തന്നെയായിരുന്നു. പക്ഷെ അതു് ശാശ്വതമല്ല. തന്നിമിത്തം അതു് അപഥസഞ്ചാരത്തിലേക്ക് നായികയെ പ്രേരിപ്പിച്ചു. അതിനാൽ അവൾ ശിക്ഷാർഹയായി. ആ ഘട്ടത്തിലെ കിടപ്പുകൂടി നോക്കുക.

"തുന്നിത്തുണ്ടിൽമറയാതെ കാണുന്നുവെളിക്കൊട്ടുവി—
ലണിഞ്ഞകോലരക്കിൻചാറുണങ്ങിപ്പററി
പാടലകോമളമായപാദതാരുംപരംനൃത്ത—
മാടിയയവാൻചാരുനരിയാണിയും
കാഞ്ചനകിങ്കിണിത്തളകൾതൻപരിമൃദ്ധകണ—
ലാഞ്ചനരമ്യമാംപുറവടിയുംപൂണ്ടു,
താഴംപൂമൊട്ടൊത്തകണങ്കാൽമുറികളിതാ! മുട്ടിൻ
താഴെച്ചോരയൊലിച്ചാർന്നവെട്ടുകളോടും
അടുത്തുതാനതാ! ഹന്ത! മയിലാഞ്ചിയണിഞ്ഞല്പം
തുടുത്തുംതന്ത്രികൾമീട്ടുംതഴമ്പുപൂണ്ടും
മൃദുമിനുസമാംനഖംമിന്നിനന്മണിമോതിര—
മതിചിരമണിഞ്ഞെഴുംപാടുകൾതങ്ങി
കോമളമായ്ത്തുമ്പുകൂർത്തവിരലേലുംകരംകാൺമൂ,
ഹേമപുഷ്പംപോലെരക്തകുങ്കുമാക്തമായ്."

നായികയുടെ മലർമുററത്തിലെ ഇരിപ്പും, ഇപ്പോഴത്തെ കിടപ്പും, വായനക്കാരൻെറ ഹൃദയത്തിൽ ജനിപ്പിക്കുന്ന വികാരങ്ങൾക്ക് അതിരുണ്ടാകുമോ! ഒരിക്കലും ഇല്ല. ഈ ഘട്ടത്തിലാണ് ദൈവികമായ സ്നേഹത്തെ അവളുടെ ചെവിയിൽ മന്ത്രിച്ചുകൊടുപ്പാൻ ഉപഗുപ്തൻ ആഗതനാകുന്നതു്. അനുനാസികവികലസ്വനത്തിൽ അദ്ദേഹത്തിൻെറ ആഗമനത്തെ അവൾ പഴിക്കുന്നു. പക്ഷേ അദ്ദേഹം എന്തുകൊണ്ടാണ് വരാൻ താമസിച്ചതെന്നും ഇപ്പോൾ വന്നതെന്തുകൊണ്ടാണെന്നും പറയുന്നതു കേൾക്കുക:—

"ശോഭനകാലങ്ങളിൽനീ ഗമ്യയായില്ലെനിക്കു-നിൻ
സൌഭഗത്തിൽകൊതിവാച്ചസുഹൃത്തല്ലഞാൻ.

അറിയുന്നുണ്ടെങ്കിലുംഞാനകൃത്രിമപ്രണയത്തി—
ന്നുറവൊന്നുനിന്നുൾക്കാമ്പിലൂറിനിന്നതും
മുറയോർക്കുമ്പോളതുനിൻമഹിതഗുണമെന്നോർത്തു
നിറയുന്നുണ്ടെനിക്കുള്ളിൽ നന്ദിതാനുമേ."

കൂടാതെ അവളുടെ ദാക്ഷിണ്യശീലം ദാസിയുടെ പരിചരണത്തിൽനിന്നും അദ്ദേഹം അനുമിക്കയും ചെയ്യുന്നു. അകൃത്രിമസ്നേഹത്തിനു വാസവദത്തയുടെ ഹൃദയത്തിൽ സ്ഥാനമുണ്ടായിരുന്നെന്നു സന്യാസിപോലും സമ്മതിക്കുന്നു. അതിനാലാണ് അവൾക്കു മോക്ഷം കൊടുക്കുവാൻ അദ്ദേഹം അവിടെ എത്തുന്നതു്. സ്നേഹത്തിന്റെ നശ്വരാവസ്ഥയേയും, സകാമസ്നേഹം വരുത്തിക്കൂട്ടുന്ന ചാപല്യങ്ങളേയും അദ്ദേഹം വിസ്തരിച്ചപ്പോൾ അവളുടെ അന്തർന്നേത്രങ്ങൾ തുറന്നു. നരകോന്മുഖമായിരുന്ന ഹൃദയം ദിവ്യസ്നേഹത്തിൽ ലയിച്ചു. അപ്പോൾ ശരിയായ മാനസാന്തരവും ഉണ്ടായി. പിന്നീടു അവളുടെ ഹൃദയം സത്വഗുണങ്ങളിൽത്തന്നെ. അതിനെ ആരു പിടിച്ചുവലിച്ചാലും ഇനി ഫലമില്ല അങ്ങനെ പെട്ടെന്നുണ്ടായ ആ സ്നേഹം ആത്മാവിൽ തിങ്ങി. അതു ഉപഗുപ്തന്റെ ഉപദേശത്തോടുകൂടി കരകവിഞ്ഞൊഴുകി. ആ ഒഴുക്കിൽപ്പെട്ടു അവളുടെ ജീവാത്മാവ് പ്രശാന്തിയെ പ്രാപിക്കയും ചെയ്തു. ഇങ്ങനെയാണ് സ്നേഹത്തിന്റെ നശ്വരവും അനശ്വരവും ആയ അവസ്ഥാവിശേഷങ്ങൾ 'കരുണ'യിൽ കുമാരനാശാൻ കാണിച്ചിരിക്കുന്നതു്.

ആശാൻ ഒരു മഹാകവി എന്നനിലയിൽ ലോകത്തിനു കൊടുക്കുന്ന മഹനീയസന്ദേശം "സ്നേഹം" എന്നുള്ളതുമാത്രമാണ്. അദ്ദേഹത്തിന്റെ എല്ലാ കൃതികളും ഇതുകൊണ്ടു നിറഞ്ഞിരിക്കുന്നു. സത്യം, ധർമ്മം, നീതി, അഹിംസ, ത്യാഗം, ഇതൊക്കെ സ്നേഹത്തിന്റെ ഭിന്നസന്താനങ്ങളാണെന്ന്, അദ്ദേഹം സമർത്ഥിച്ചിരിക്കയാണ്.

സ്നേഹം നിർമ്മലമാണെങ്കിൽ മാത്രമെ ശാശ്വതമായ സ്ഥിതിക്ക് അവകാശമുള്ളു എന്നും, അദ്ദേഹം സോദാഹരണം തെളിയിച്ചിട്ടുണ്ടു്. കറയററ ഹൃദയത്തിൽമാത്രമെ അദ്ദേഹം പറയുന്ന സ്നേഹം കാണുകയുള്ളു. ആകപ്പാടെ കഥാഘടനയിലും, പദത്തിലും, വാക്യത്തിലും, ആശയത്തിലും സ്നേഹവൈചിത്ര്യങ്ങൾ വെളിവാക്കിയിരിക്കുന്ന ഈ കവീന്ദ്രൻ അതിനെ ഒരു പ്രത്യേകരസമാക്കി തന്റെ കാവ്യങ്ങളിൽ കലർത്തിയിരിക്കുന്നു. ഇത്രമാത്രം ഭാവഗംഭീരനായിരുന്ന ആ മഹാകവി അകാലത്തിൽ ലോകാന്തരം പ്രാപിച്ചതു് കൈരളിയുടേയും കേരളീയരുടെയും ഭാഗ്യരാഹിത്യത്തെ അല്ലാതെ മററന്തിനെയാണ് കാണിക്കുന്നതു്.

“നാശം വന്നൊരു‘വീണപൂ’ ‘നളിനി’യായ്
തീർത്തോരു‘ലീലാ’ലസൻ
ക്ലേശം “ചിന്ത”വഴിയ്ക്കൊതുക്കിവിടപം
പ്രാപിച്ചപുംസ്കോകിലം
ഹാ! ശാന്തം “ദുരവസ്ഥ”കണ്ടു‘കരുണാ’നീർ
ത്തുള്ളിത്തൂകീടിനോ—
രാശാനുംമൃതിയാകുമാഴിയിൽമറഞ്ഞാൻ
കഷ്ടകാലത്തിനാൽ”

# ആ കേരവൃക്ഷം.

(കെ. പി. കേശവൻ. IV U. C.)

ഞാനെൻെറ പാരായണശാലതന്നുള്ളിൽച്ചെന്നു
ദീനനായ് പുറത്തേയ്ക്കു നോക്കുമപ്പൊഴുതെല്ലാം,
സ്ഫീതമാമേതോ ചിന്തയേശിയസ്വാസ്ഥ്യംപൂണ്ട—
മാതിരി,കാററിൽച്ചലിച്ചാമരംനിലകൊൾവൂ!
അക്കാഴ്ച്ചയ്ക്കൊരുബാഷ്പബിന്ദു,ഞാൻ തെററാതെന്നു-
മുൾക്കാമ്പുതെരിഞ്ഞുകൊണ്ടർപ്പിക്കയല്ലോവേണം.
ആമരച്ചുവട്ടിങ്കൽ ദീർഘവിശ്രമംകൊള്ളും
മാമകാനന്ദം പാർത്തുപാർത്തുകേഴേണംഞാൻ.
വർഷങ്ങൾപോയീമൂന്നെന്നാലുമിന്നുമാദുഃഖ-
ഘർഷണം തുടർന്നു ഹൃത്തന്ത്രികൾ തകരുന്നു.
ബദ്ധശോകമായ്, ഹന്ത മൂകമായ്, മരവിച്ച-
ചിത്തമാംഭാരം താഴ്ത്തിയൊന്നുനിശ്വസിക്കട്ടെ.

*     *     *

എൻെറജീവിതമാകുമകാന്താരാപിക്കുള്ളി-
ലെന്തിനോ കാലത്തിൻെറ ചോലയിലൊലിച്ചെത്തി,
കാറിൻെറ മദ്ധ്യേവന്നു തെളിയുംപൊന്നമ്പിളി-
ക്കീറുപോൽമറഞ്ഞു നീ മൽക്കൊച്ചുമരാളമേ;
പത്രങ്ങൾവണ്ണംവീണുമിന്നീല,ചഞ്ചുക്കളിൽ
വിദ്രുമച്ഛായംചേർന്നു തെളിഞ്ഞീലതിൻമുന്നേ
ഹൃതനായല്ലോനീയെൻദിവ്യഹംസമേ,—ദൈവ—
ഹിതമാകുമോ ദേവഭാവുകം മർത്ത്യന്നേകാൻ?
മറഞ്ഞെന്നാലും നിൻെറ മോഹനാകാരമുള്ളം
നിറഞ്ഞു കാൺമൂഞാനെൻ ജാഗ്രത്തിൽ കിനാവിലും;
അതിനെക്കണ്ണീർമുത്തുമാല്യമൊന്നണിയിച്ചു
പതിവായ്താലോലിക്കയാണെനിക്കാത്മാശ്വാസം.
നിന്നേക്കുറിയുന്നവർക്കൊക്കെയീഗതിയെങ്കി—
ലിമ്മന്നിലിന്നെത്രയോ ചിത്തങ്ങൾ തകരേണം!
സ്നേഹത്തിൻനിർവ്വാണത്വംകണ്ടുഞാൻകുമാരകൻ,
സ്നേഹംതാൻനരദുഃഖഹേതുകമെന്നുംകണ്ടു.

*     *     *

നട്ടാരുംവളർത്താതെപുലർന്നു,വാട്ടംമുൻപാ—
പട്ടുപ്പച്ചപ്പട്ടിൽ പതിക്കുംസുമങ്ങളേ,

ത്തൂമയും മൃദുത്വവും തേനുമേന്തീടും നിങ്ങ-
ളാമഞ്ജുശരീരത്തിന്നവശേഷങ്ങളല്ലോ.
അല്ലെങ്കിൽപ്രകൃതിയാം പുണ്യതല്ലജത്തിന്മേൽ
നല്ലവസ്തുക്കളെല്ലാം കൊണ്ടുചെന്നർപ്പിക്കയാം;
പൊന്നിറംപൂണ്ടും വാടാമല്ലിയും, വാസന്തിയും,
കുന്ദവും, കുറിഞ്ഞിയും, പനിനീർപ്പൂവും പിന്നെ,
വടിവിൽ ചെമന്തിയും, തുമ്പയും, ചെന്തെറ്റിയും
മടിയിൽനിന്നും വാരിവിരിച്ചീടുകെൻദേവി.
ആഹന്ത! പാർത്താലെത്രപൂക്കളാൽവിരചിച്ച—
മോഹനാകാരമാണൊന്നവിടെക്കിടക്കുന്നു!

* * *

ക്ഷീണമാം പത്രം തല്ലിയക്കേരമൂലത്തിങ്കൽ
വീണുകേണീടും പൂവൽപൈങ്കിളിപ്പൈതങ്ങളേ,
നിങ്ങൾതൻമുറവിളിചെന്നുഭേദിച്ചീടാത്ത
തുംഗമാം പ്രാകാരമൊന്നപ്പുറത്തമരുന്നു;
ആയതിന്നനന്തമാമന്ധകാരത്തിൽപ്പൂകി—
പ്പോയതാണല്ലോനിങ്ങൾതൻകൊച്ചുകളിത്തോഴൻ.
വെമ്മുകിൽപ്പുതപ്പൊട്ടുനീക്കിയപ്പൂർവ്വാദ്രിമേൽ
വിൺമണിക്കുഞ്ഞുമന്ദംകരങ്ങൾ നീട്ടുംനേരം,
എന്നുമാശ്വാസ്തരശിലമേലണഞ്ഞൊരു
പൊന്നൊളിമൈനക്കുഞ്ഞുവാഴ്‌വതുണ്ടുഷസ്സിങ്കൽ
ആ നവാനോത്തുഭവാൻ, പോയമൽപുണ്യംതാനീ
ചാരുവാംരൂപംപൂണ്ടുപോന്നിട്ടുന്നതോചൊല്ലൂ.
അങ്ങനെയെന്നാകിലെന്തോമനേസൗവർണ്ണാഭ—
തങ്ങുമപ്പത്രങ്ങളാം ബാഹുക്കൾ വിരിച്ചെത്തി
കായുമുള്ളൊട്ടും ഞാനെൻമദ്ധ്യാഹ്നവിശ്രാന്തിക്കായ്—
ചായുന്നനേരംവന്നെൻമാറിൽനീപതിക്കാത്തൂ?

* * *

എന്നെന്നുമെന്നെക്കണ്ണീർമാരിയിൽ കഴകിപ്പോ-
നെന്നാലുമഭിവന്ദ്യമെനിക്കാ കേരദ്രുമം;
ജാതമാംകൂറോടന്യനാരുണ്ടുപാർത്താലെൻറ-
നാഥനപകത്തേറ്റീ ജീവിതഭാരം താങ്ങാൻ?

പൊങ്ങിമിന്നിയ പൊന്നിൻതാരകൾമുക്കാലുംപോയ്-
മങ്ങിയീവിശാംതാനേനിദ്രയിലാണ്ടീടുമ്പോൾ
മന്ദമാവൃക്ഷത്തിന്റെ നാമ്പുകൾചലിച്ചൊരു
ക്രന്ദനംകേൾക്കാറുണ്ടു നിത്യവുംനിശയിങ്കൽ:
അന്തരാവിരഞ്ഞെത്തിയന്നാദമെൻകർണ്ണത്തിൽ
സന്തതം മന്ത്രിക്കുന്നീസന്ദേശം നിർവേദകം:-
"സ്നേഹിച്ചുപിന്നെക്കൈവിട്ടീടുകെന്നതിനെക്കാൾ
സ്നേഹംതാനജ്ഞാതമായ്തീരുകയല്ലോവരം!"

# വിദ്യാത്ഥികളും സഹകരണപ്രസ്ഥാനവും.

(ജോസഫ് വലിയവീട്ടിൽ -II U. C.)

ജീവിതായോധനം വിജയപ്രദമാക്കിത്തീക്കുന്നതിനുള്ള ഒരു പരിശീലനരംഗമാണല്ലൊ വിദ്യാലയം. അതിനാൽ പ്രായോഗികശിക്ഷണം വിദ്യാത്ഥികൾക്കു നിഷേധിക്കപ്പെടാവുന്നതല്ല. നിലവിലിരിക്കുന്ന പാഠപദ്ധതിപ്രകാരമുള്ള വിദ്യാഭ്യാസം കേവലം സാഹിത്യപരമാണെന്നും അതുകൊണ്ടു് വിദ്യാത്ഥികൾക്കു വേണ്ടത്ര പ്രയോഗപരിശീലനം സിദ്ധിക്കുന്നില്ലെന്നും പല വിദ്യാഭ്യാസപ്രവത്തകന്മാരും വിലപിക്കുന്നതു കേൾക്കാറുണ്ടു്. ഈ ദൂഷ്യം ഏറെക്കുറെ പരിഹരിക്കുന്നതിനു വിദ്യാലയസഹകരണസംഘങ്ങൾക്കു കഴിയുന്നതാണു്.

സാധുക്കളായ കൂലിവേലക്കാരെ മുതലാളിത്വത്തിന്റെ നിഷ്ഠുരമർദ്ദനങ്ങളിൽനിന്നു സംരക്ഷിക്കുവാൻ ആദ്യമായി യൂറോപ്യൻരാജ്യങ്ങളിൽ ജനങ്ങളാൽ സമാരംഭിക്കപ്പെട്ടതാണു ഈ പ്രസ്ഥാനം. എന്നാൽ ഇൻഡ്യയിലാകട്ടെ ഇതു ഗവമ്മെണ്ടിന്റെ നിർബന്ധപൂവ്വമായ പ്രോത്സാഹനംകൊണ്ടു ആവിർഭവിച്ചിട്ടുള്ളതാണു്. പരസ്പരസഹായസംഘങ്ങൾ എവിടെയും വലുതായ സമുദായസേവനം നിർവഹിച്ചിട്ടുണ്ടെന്നുള്ളതു് നിർവിവാദമാണു്. ഇംഗ്ലണ്ടിലെ "റാക്ക്ഡെയിൻപയനിയേഴ്സ്," പഞ്ചാബിലെ പരസ്പരസഹായസംഘങ്ങൾ, മുതലായ സഹകരണസംഘടനകൾ സാധിച്ചിട്ടുള്ള മഹാ കൃത്യങ്ങൾ ഒരുകാലത്തും വിസ്മൃതമാകുവാൻ ഇടയുള്ളതല്ല.

വിദ്യാത്ഥികളും സഹകരണപ്രസ്ഥാനവും തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉണ്ടെന്നുള്ള വസ്തുത പലക്കും അജ്ഞാതമായിരിക്കാം. എന്നാൽ ഈദൃശസംഘങ്ങളാണു് യുവാക്കന്മാക്കു പൗരധമ്മമുപദേശിക്കുന്ന നല്ലസ്ഥാപനങ്ങളെന്നുള്ളതാണു പരമാത്ഥം. ഒരു വിദ്യാലയത്തിലെയോ മഹാപാഠശാലയിലെയോ സഹകരണസംഘങ്ങൾ അദ്ധ്യാപകന്മാരുടെ നാമമാത്രമായ സഹായത്തോടുകൂടി വിദ്യാത്ഥികളാൽതന്നെ നടത്തപ്പെടുന്നവയായിരിക്കും. എന്നാൽ അവർ സംഘംഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതു പന്തുകളിയുടെ നിയന്ത്രണത്തിനുള്ള "ക്യാപ്റ്റ"ന്മാരെ തിരഞ്ഞെടുക്കുന്നതുപോലെയോ അഥവാ സാഹിത്യസമാജങ്ങൾക്കു "സെക്രട്ടറി"മാരെ തിരഞ്ഞെടുക്കുന്നതുപോലെയൊ ആയിരിക്കുകയില്ല. പരസ്പരസഹായസംഘം ഗവർമ്മെണ്ടുശാസനത്തിനും ചില പ്രത്യേകനിബന്ധനകൾക്കും വിധേയമായിട്ടുള്ള ഒന്നാകയാൽ തങ്ങളുടെ അധികാര പരിധികൾ ഇന്നിന്നവയെന്നു ഗ്രഹിച്ചു തദനുസരണം പ്രവത്തിക്കുവാൻ സംഘാംഗങ്ങൾ ശുഷ്കാന്തിയു

ള്ളവരായിരിക്കും. ഒരു സഹകരണസംഘത്തിൻെറ ഭരണം, പൊതുയോഗം [General Body] ഭരണസമിതി (Committee) എന്നീരണ്ടുമണ്ഡലങ്ങൾ മൂലമാണല്ലൊ നിർവഹിക്കപ്പെടുന്നതു്. തങ്ങളുടെ മുതലിനെക്കൂടെ സ്പർശിക്കുന്ന ഒരു കാര്യമാകയാൽ ഭരണസമിതിയിലേക്കു തിരഞ്ഞെടുക്കപ്പെടേണ്ട ആളുകൾ സൽസ്വഭാവന്മാരും കുശാഗ്രബുദ്ധികളുമായിരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിമാത്രമെ വിദ്യാൎത്ഥികൾ അവരുടെ സമ്മതിദാനം നൽകുകയുള്ളു. അല്ലാതെ ഇതരബന്ധങ്ങളുടെ പ്രചോദനത്താൽ യോഗ്യതയില്ലാത്ത ഒരാൾക്കു സമ്മതിദാനം നൽകുവാൻ ഇടയാകുന്നതല്ല. * സഹകരണസംഘത്തെ "ഒരു സംസ്ഥാനത്തിൻെറ ഉള്ളിലുള്ള ഒരു സംസ്ഥാനം" എന്നു് ഒരു മഹാൻ നിർവചനം ചെയ്തിരിക്കുന്നതു് ആദർശയോഗ്യമായ അതിൻെറ ഭരണഘടന കണ്ടുകൊണ്ടായിരിക്കാം. ഓരോ ആളും സമുദായത്തിനുവേണ്ടിയും സമുദായം ഓരോ ആളിനുവേണ്ടിയും പ്രയത്നിക്കേണ്ടതാണെന്നുള്ള തത്വം പരസ്പരസഹായസംഘങ്ങളിൽ നിന്നാണു പഠിക്കുവാൻ സാധിക്കുന്നതു്. അതുപോലെതന്നെ സഹകരണസന്നദ്ധത, ഉത്തമപൗരധർമ്മത്തെപ്പററിയുള്ള ബോധം, ജനകീയഭരണതല്പരത എന്നിവയും സഹകരണസംഘങ്ങൾ നിമിത്തം നമുക്കു സാധിക്കുന്നു.

സമഷ്ടിവാദത്തിൻെറ (Socialism) ദൂഷ്യങ്ങളെപ്പററി വിചിന്തനം ചെയ്യാതെ, കാറൽമാർക്സിൻെറ (Karl Marx) സിദ്ധാന്തങ്ങൾ ഉദ്ധരിച്ചുകൊണ്ടു അവതന്നെയാണു മാനവസമുദായത്തിൻെറ പുരോഗമനത്തിനുള്ള ഉത്തമമാൎഗ്ഗമെന്നു ചിലർ ജല്പിക്കുന്നു. എന്നാൽ സഹകരണം വിജയപ്രദമായി നിർവഹിക്കപ്പെടുന്നതായാൽ സാമ്പത്തികവും സാമുദായികവുമായ അവശതകൾക്കു് യഥാൎത്ഥപരിഹാരമുണ്ടാകുമെന്നു് ജനസാമാന്യത്തെ ധരിപ്പിച്ചു് ഏതദ്വിഷയകമായി പ്രവൎത്തിക്കേണ്ടതു് അഭ്യസ്തവിദ്യരുടെ കടമയത്രെ. ഇതിനു വിദ്യാലയങ്ങളിൽവച്ചുതന്നെ പരിശീലനം ലഭിക്കേണ്ടിയിരിക്കുന്നു. ഇതു സംബന്ധിച്ചു നല്ലൊരു സഹകരണതത്വജ്ഞനായ വി. എം. റാവു എം. എ. അവർകൾ പറയുന്നതു് സഹകരണം സോഷ്യലിസത്തിനുള്ള മറുമരുന്നാണെന്നും ഈ വസ്തുത ജനതയെ ചൂണ്ടിക്കാണിക്കുന്നതിനു കഴിയുന്ന ഉത്തമസ്ഥാപനം വിദ്യാലയം തന്നെയാണെന്നും ആകുന്നു.

വിദ്യാൎത്ഥികളും സഹകരണപ്രസ്ഥാനവും തമ്മിലുള്ള ബന്ധത്തെപ്പററി പഞ്ചാബിലെ അഭിവന്ദ്യസഹകരണവിദ്വാവൃദ്ധനായ സി. എഫ്. സ്ട്രിക്കലണ്ടിൻെറ (Strickland) അഭിപ്രായം ശ്രദ്ധേയമാണു്. അദ്ദേഹം പറയുന്നു: "വിദ്യാലയത്തിൽവച്ചു ഓരോ ബാലനും അഥവാ ഓരോ ബാലികയും സഹ

---

* ഇത്തരം പ്രചോദനങ്ങളെ ഏതു തിരഞ്ഞെടുപ്പുകളിലും (പന്തുകളി മുതലായവയ്ക്കായിരുന്നാലും) വർജ്ജിക്കേണ്ടതാണു്—പത്രാധിപർ.

കരണത്തിന്റെ മൂലതത്വങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതു അവശ്യം ആവശ്യവും ആശാസ്യവുമാണ്. എന്തെന്നാൽ, അതു ജനതയുടെ സാമ്പത്തികസ്വാതന്ത്ര്യം, മിതവ്യയം, സ്വാശ്രയശീലം എന്നിവയ്ക്കു വേണ്ടിയുള്ളതാണ്. അതു സാമ്പത്തികദാസ്യത്തിൽനിന്നുള്ള വിമുക്തിക്ക് ഉത്തമമാൎഗ്ഗം തെളിയിച്ച്, ഗ്രാമീണദുരിതങ്ങൾക്കെല്ലാം ഒരു ഒററമൂലിമരുന്നായി വൎത്തിക്കുന്നു." പ്രസിദ്ധനായ ആ സഹകരണപ്രവൎത്തകന്റെ വാക്കുകൾ എത്രയും അൎത്ഥഗൎഭങ്ങളാണ്. ഭാവിപൗരന്മാരായിത്തീരേണ്ട വിദ്യാൎത്ഥികൾ സഹകരണതത്വങ്ങളിൽ അജ്ഞരായി വിദ്യാലയം വിടുന്നപക്ഷം അതു എത്രയോ പരിതാപകരമായ ഒരു നിലയായിരിക്കും!

ഒരു വിദ്യാലയസഹകരണസംഘത്തിനുള്ള സാമ്പത്തികവശത്തെപ്പററിക്കൂടി അല്പം പൎയ്യാലോചിക്കാം. വിദ്യാൎത്ഥികൾക്കു ആവശ്യമുള്ള പുസ്തകങ്ങൾ, സ്റ്റേഷനറിസാമാനങ്ങൾ, കളിക്കോപ്പുകൾ, മുതലായവ മൊത്തമായി ശേഖരിച്ചു ആവശ്യക്കാൎക്കു കുറഞ്ഞവിലനിരക്കിനു വിതരണം ചെയ്യുക എന്നുള്ളതാണ് ഒരു വിദ്യാലയസഹകരണസംഘത്തിന്റെ പ്രധാന ജോലി. ഈ ഏൎപ്പാടുമൂലം വിദ്യാൎത്ഥികൾക്കു കച്ചവടക്കാരുടെ അന്യായവിലയിൽനിന്നു രക്ഷനേടുന്നതിനും സംഘത്തിനു ലഭിക്കുന്നലാഭം ഒരു പൊതുമുതലായി സംഭരിക്കുന്നതിനും കഴിയുന്നതാണ്. ഇതുകൊണ്ടാണ് പല വിദ്യാലയങ്ങളും സഹകരണസംഭരണശാലകൾ (Co-operative Stores) നടത്തിപ്പോരുന്നതു്. ദേവധാർകമ്മററിയുടെ റിപ്പോൎട്ടിനു വിഷയമായ കാലത്തിൽ തിരുവിതാംകൂറിൽ നാലു ഹൈസ്ക്കൂൾ സംഭരണശാലകളും ഒരു കോളേജ്കോഓപ്പറേററീവ്സ്റ്റോറും ഉണ്ടായിരുന്നു. തിരുവിതാംകൂറിലെ ഏകകോളേജ് കോഓപ്പറേററീവ്സ്റ്റോർ, തിരുവനന്തപുരം സയൻസ് കോളേജ് വകയായി നടത്തപ്പെടുന്നതാണെന്നും ഇതരമഹാപാഠശാലകളും ഇതനുകരിച്ചുകാണാത്തതു് പരിതാപകരമാണെന്നും ദേവധാർകമ്മററിറിപ്പോൎട്ടിൽ പ്രസ്താവിച്ചുകാണുന്നു. ഇപ്പോഴാകട്ടെ രണ്ടുഹൈസ്ക്കൂളുകളിൽക്കൂടി സഹകരണസംഭരണശാലകൾ ഏൎപ്പെടുത്തിയിട്ടുണ്ട്.

ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ സഹകരണപ്രസ്ഥാനത്തിനു വിദ്യാൎത്ഥികളുടെ ഇടയിൽ ലഭിച്ചിരിക്കുന്ന നില ഏററവും അഭിനന്ദനീയമാണ്. തലശ്ശേരി ഗവൎമ്മെണ്ടുബ്രെണ്ണൻകോളേജിലെ സഹകരണസംഘത്തോടു കിടനില്ക്കത്തക്ക വിദ്യാലയസഹകരണസംഘങ്ങൾ ഇൻഡ്യയിൽ മറെറങ്ങും ഉണ്ടെന്നു തോന്നുന്നില്ല. പരസ്പരസഹായസംഘങ്ങൾക്കു പ്രചുരപ്രചാരം സിദ്ധിച്ചിരിക്കുന്ന പഞ്ചാബിൽ ഈ പ്രസ്ഥാനത്തിനു വിദ്യാൎത്ഥികളുടെ ഇടയിലുള്ള പ്രചാരത്തെപ്പററി വിവരിക്കേണ്ട ആവശ്യമില്ലല്ലോ. ബോംബെയിൽ അദ്ധ്യേതാക്കളുടെ ഉപയോഗാൎത്ഥം നിരവധിസഹകരണ സംഭരണശാലകൾ സ്ഥാപിച്ചു നടത്തിവരുന്നുണ്ട്.. ഇനി നാം മൈസൂർ

രാജ്യത്തെ വീക്ഷിക്കുകയാണെങ്കിൽ അവിടെ ഇത്തരത്തിലുള്ള ഇരുപതോളം സംഭരണശാലകൾ കാണാം. തിരുവിതാംകൂറിനേക്കാൾ വളരെ ചെറിയ ഒരു രാജ്യമായ കൊച്ചിയെത്തന്നെ നോക്കുക. അവിടത്തെ വിദ്യാലയസഹകരണസംഘങ്ങൾ എത്രയോ ആദർശയോഗ്യങ്ങളാണ്. അവിടെയുള്ള നാലു വിദ്യാലയസംഘങ്ങളിൽ ഏററവും ഉത്തമമെന്നു പരിഗണിക്കപ്പെടാവുന്നതു എറണാകുളത്തെ രാജകീയ മഹാപാഠശാലവകയായി വടത്തപ്പെട്ടുന്ന സംഘമാണ്. ഇൻഡ്യയുടെ ഇതരഭാഗങ്ങളിലും വിദ്യാർത്ഥികൾ ഈദൃശസംഘങ്ങൾ സ്ഥാപിച്ചു നടത്തിവരുന്നുണ്ട്.

ഒരു വിദ്യാലയത്തിലെ സഹകരണസംഘത്തിനു സാന്മാർഗ്ഗികവും സാമ്പത്തികവുമായുള്ള ഇരുവശങ്ങളുണ്ടെന്നുള്ളതു് മേൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങളിൽ നിന്നു വിശദമാണല്ലോ. മനുഷ്യൻ ഒരു സമുദായജീവിയായിരിക്കുന്നിടത്തോളംകാലം, അവനു സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ ഇടപെടേണ്ട പല അവസരങ്ങളും ഉണ്ടാകാം. ആ വക സന്ദർഭങ്ങളിൽ അനുവർത്തിക്കേണ്ട രീതിയെപ്പററി നമ്മെ ഉപദേശിക്കുന്നതു വിജയപ്രദമായി നടത്തപ്പെടുന്ന ഒരു സഹകരണസംഘത്തിൻെറ പ്രവർത്തനമാണ്. കൊടുക്കൽ, വാങ്ങൽ, ലാഭം, നഷ്ടം, മുതലായ വാക്കുകളെപ്പററി കണക്കുശാസ്ത്രത്തിൽമാത്രം കേട്ടിട്ടുള്ള കുട്ടികളും ഒരു വിദ്യാലയത്തിൽ ഉണ്ടായിരിക്കും. അതിനാൽ ഈദൃശപദങ്ങളുടെ പ്രായോഗികമായ അർത്ഥവ്യാപ്തിയെപ്പററി അവരെ ഗ്രഹിപ്പിക്കുന്നതിനും പരസ്പരസഹായസംഘങ്ങൾ ഉപകാരപ്രദമാണ്. ഒരു വിദ്യാലയത്തിലെ സംഭരണശാല വിദ്യാർത്ഥികൾക്കു വളരെയധികം പ്രയോജനകരമാണ്. ക്രയപദാർത്ഥങ്ങൾ സഹായവിലക്കു ലഭിക്കുന്നു എന്നുമാത്രമല്ല അവ നല്ല ഇനങ്ങൾ ആയിരിക്കുകയും ചെയ്യും. കൂടാതെ ലാഭമായി കിട്ടുന്ന പൊതുമുതൽ ഏതെങ്കിലും പരോപകാരപ്രദമായ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നതിനും കഴിയുന്നതാണ്. ജ്യേഷ്ഠാദേവിയുടെ കരങ്ങളിൽനിന്നു ജനസഞ്ചയത്തെ വലിച്ചുമാററുന്നതിനുള്ള ഒരു ദിവ്യസൂത്രമാണ് സഹകരണസംഘം. എന്നാൽ മി. ടി. ആസ്റ്റിൻ പറയുന്നതുപോലെ ഈ പ്രസ്ഥാനം ഏതൊരു രാജ്യത്തെങ്കിലും വിജയപ്രദമായി നടത്തണമെങ്കിൽ യുവഹൃദയങ്ങളിൽ ഈ പ്രസ്ഥാനത്തെപ്പററിയുള്ള ഉൽബോധനം നൽകേണ്ടിയിരിക്കുന്നു.

# "ചിത്രയുഗം"

——:o:——

(മാവേലിനാടു വാണീടുംകാലം.........)

വേണാടേ! ചിത്രർക്ഷജാവനീന്ദ്രൻ
വാണരുളീടുന്ന പുണ്യഭൂവേ!
നീണാൾ ജയിക്കനീ, ആത്മധർമ്മ—
ത്തൂണായിലോകത്തിലെൻെറയമ്മേ!

മാമൂലിൻമാറാത്തമാറാലയെ
മാററിമറിച്ചൊക്കെശ്ശുദ്ധമാക്കി
ഈ ധർമ്മക്ഷേത്രത്തിൽഭവ്യദീപം
നീളെക്കൊളുത്തിയ ധർമ്മദാസൻ,

ജാതിദുർഗ്ഗങ്ങളെ ധീരധീരം
ഭേദിച്ചു, നാചാരവൻപടയെ
പായിച്ചു, തൻ ധർമ്മകാഹളത്താൽ
ലോകംമുഴക്കുന്ന കർമ്മധീരൻ,

ഞങ്ങൾക്കുകാണപ്പെട്ടുള്ള ദൈവം
ഭാർഗ്ഗവക്ഷേത്രത്തിൻ ഭാഗ്യദീപം
രാജേന്ദ്രരാജൻ ശ്രീ ചിത്തിരാഖ്യൻ
രാജിച്ചീടട്ടെയാചന്ദ്രതാരം!....

ധർമ്മംപുനർജ്ജന്മംപൂണ്ടകാലം
കർമ്മധീരന്മാർ ജയിക്കുംകാലം
ധർമ്മരാജ്യത്തിൻെറ ഭാഗ്യകാലം
ശർമ്മംവളർത്തുമീ 'ച്ചിത്രയുഗം'

തോമ്മസ് ജോസഫ് ചിങ്ങംമ്പറമ്പിൽ

പാരാവാരോൽഭവയ്ക്കും, പരഹിതപര, നല്പൂമ്പുകൾക്കുപ്പെണ്ണിനും, തൻ
പാരാകെപ്പങ്കുവെച്ചും പരിചൊടു പരിപാലിപ്പു ഭൂപാലകത്വം!
പാരാതാത്മസ്വമെല്ലാം, പടുമതി പരനാം പൂരുഷന്നേകി, സേവാ—
പാരാധീന്യം വഹിച്ചും തിറമൊടുനിറവേററുന്നു സൽക്ഷത്രധർമ്മം!!

വേലാതീതപ്രമോദപ്രസരമൊടു വയോവൃദ്ധരാടുന്നു; മോടി—
ക്കാലാപിക്കുന്നു രാജസ്തവമിഹകുടിലിൽ പഞ്ചമിപ്പെൺകിടാങ്ങൾ
ചേലാൻറർവീശചിത്രോദയജനനമഹാമംഗളാഘോഷപുഷ്യ–
ല്ലീലാകോലാഹലം കൊണ്ടുലകമുഴുവനും മാററമൊന്നേററിടുന്നു.

അക്ഷീണം നൂററാണ്ടിടകൾ നിറയുമജ്ജാതിതൻ ജാഡ്യമേകം
പക്ഷംഭേദിച്ച പക്ഷത്തിനു ഭിദകലരാതുന്നതൻ ധന്യനായി;
ഇക്ഷോണിശ്രീകൾ കൂടിക്കുതുകമൊടു പരംകൂത്തടിക്കുമ്പോളല്ലോ
രക്ഷാഭാരം ചുമന്നോൻ തിരുവടിയിരുപത്താറിലിന്നേറിടുന്നു!

കൂടട്ടേ! ഭവ്യമെങ്ങും; സുകൃതികൾ നരപാലൻെറ നാനാപദാനം
പാടട്ടേ! ഭൂതിപൂശിപ്പുളകമൊടു പുളച്ചാർത്തിടട്ടേ ധരിത്രി;
തേടട്ടേ! ഭൂപകീർത്തിച്ചമരിനിര മദിച്ചാശുദേശാന്തരം; കൊ—
ണ്ടാടട്ടേ! ജന്മതാരാശതമിതി കരുണാ സഞ്ചയൻ വഞ്ചിരാജൻ!

കെ. പി. കേശവൻ.